20

# ഭഗവദ്ഗീതാ സന്ദേശം

## നിത്യജീവിതത്തിൽ

(ഭഗവദ്ഗീതയുടെ 18 പടികളിലൂടെ ഒരു സന്ദേശയാത്ര)

**ഡോ: എൻ. ഗോപാലകൃഷ്ണൻ** M.A., M.Sc., MBA, Ph.D., D.Litt.
(Scientist & Director IISH)

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജ്
തിരുവനന്തപുരം – 695 018
www.iish.org

Heritage Publication Series - 129

# ഭഗവദ്ഗീത നിത്യജീവിതത്തിൽ

കലിയുഗം ആരംഭിച്ചപ്പോൾ, പാണ്ഡവർ, രാജ്യഭാരം അഭിമന്യുവിന്റെ പുത്രനായ പരീക്ഷിത്തിനെ ഏൽപ്പിച്ച് മഹാപ്രാസ്ഥാനികയാത്രക്കൊരുങ്ങി, ബദരീനാഥിലേക്ക് യാത്ര പുറപ്പെട്ടു എന്നു മഹാഭാരതം വിവരിക്കുന്നു. മഹാഭാരതയുദ്ധത്തിൽ വിജയിച്ച പാണ്ഡവർ 38 വർഷമാണ് രാഷ്ട്രഭാരം നടത്തിയതെന്നും കാണുന്നു. ഇതുരണ്ടും കൂടിച്ചേർന്നാൽ നമുക്ക് മഹാഭാരതയുദ്ധം നടന്നവർഷം കൂട്ടിയെടുക്കാൻ സാധിക്കും. കലിയുഗം ആരംഭിച്ചത്, ബി.സി. 3102 ഫെ. 17-ാം തീയതി അർദ്ധരാത്രി, അതിൽ നിന്ന് 38 വർഷം പുറകോട്ടെടുത്താൽ ബി.സി. 3140! മഹാഭാരതയുദ്ധം നടന്നത് ബി.സി. 3140 ൽ. അതനുസരിച്ച് മഹാഭാരത യുദ്ധത്തിൽ ഉപദേശിച്ച ഭഗവദ്ഗീതക്ക് അമ്പത്തിഒന്നര നൂറ്റാണ്ടിലധികം പഴക്കമുണ്ട്. ആ ഗീതാസന്ദേശങ്ങൾ ഇന്നും നമ്മുടെ നിത്യജീവിതത്തിന്റെ ഭാഗമാക്കാനായി പരിശ്രമിക്കേണ്ടതാണ്. ജ്ഞാനയോഗവും, കർമ്മയോഗവും ഭക്തിയോഗവും ഈ ഗ്രന്ഥത്തിൽ സമഞ്ജസമായി വിവരിക്കുന്നു.

ഗീതയിലെ ആദ്യത്തെ വരി തന്നെ ഒന്നു ക്രമീകരിച്ചെഴുതിയാൽ ഗീതയുടെ സന്ദേശമായി; ധർമ്മക്ഷേത്രേ കുരുക്ഷേത്രേ → ക്ഷേത്രേക്ഷേത്രേ കുരുധർമ്മം! അവനവന്റെ കർമ്മമണ്ഡലത്തിൽ അവനവന്റെ ധർമ്മം അനുഷ്ഠിക്കുക. അധർമ്മത്തെ ഇല്ലാതാക്കാനും, മനസ്സിന്റേയും, ശരീരത്തിന്റേയും, കുലത്തിന്റേയും, സമൂഹത്തിന്റേയും, രാഷ്ട്രത്തിന്റേയും, പ്രകൃതിയുടെ ഘടകങ്ങളുടേയും സ്ഥിരവും ശാശ്വതവുമായ നന്മയെയും ലക്ഷ്യമിട്ടായിരിക്കണം നമ്മുടെ പ്രവൃത്തികൾ. അധർമ്മനാശനത്തിനും ധർമ്മസംരക്ഷണത്തിനുമായിരിക്കണം നമ്മുടെ എല്ലാ പ്രവർത്തിയും ലക്ഷ്യമിടേണ്ടത്!

ഭഗവദ്ഗീതാസന്ദേശം ലോകത്തിലെ പണ്ഡിതർക്കും, ചിന്തകർക്കും ശാസ്ത്രജ്ഞന്മാർക്കും ആവേശവും മാർഗനിർദ്ദേശവും ആയിരുന്നു, ഇന്നുമതാണ്. ആൽബർട്ട് ഐൻസ്റ്റീന് ഗീത പ്രചോദനം നൽകിയെന്നു മാത്രമല്ല, ജീവിതാന്ത്യത്തിലെ ഒരു ദശാബ്ദക്കാലം ഐൻസ്റ്റീൻ ഗീതാസന്ദേശങ്ങൾ ജീവിതത്തിൽ പകർത്തികൊണ്ടൊരു ജീവിതമാണ് നയിച്ചിരുന്നത്. ആദ്യത്തെ ആറ്റംബോംബ് മൻഹാട്ടൻ പരീക്ഷണങ്ങളിലൂടെ വികസിപ്പിച്ചെടുത്ത റോബർട്ട് ഓപ്പൺ ഹീമർ, ആറ്റംബോംബു പൊട്ടുന്ന ശബ്ദവും ദൃശ്യവും കേട്ടും കണ്ടും ഗീതയിലെ വിശ്വരൂപദർശനത്തിന്റെ വരികളാണ് ഉദ്ധരിച്ചത്. ആധുനീക ഫിസിക്സ് ഗ്രന്ഥങ്ങളിലും ഗീതയുടെ വരികൾ ഇന്നു പ്രാധാന്യത്തോടെ രേഖപ്പെടുത്തുന്നു. ആത്മീയത മുതൽ ജീവിതത്തിലെ സമഗ്രമായ എല്ലാമണ്ഡലങ്ങളിലും നിരന്തരം സ്വാധീനിക്കാവുന്നതും പ്രയോഗിക്കാവുന്നതുമായ സന്ദേശങ്ങളാണ് ഭഗവദ്ഗീതയിലുള്ളത്.

ജാതി-മത -ഇസ-വർഗ-വർണ്ണ-ഭാഷാ-വ്യത്യാസങ്ങൾക്കതീതമായി നിത്യജീവിതത്തിൽ പ്രയോഗിക്കാവുന്നതാണ് ഗീതയിലെ എല്ലാ സന്ദേശങ്ങളും. അത് ബുദ്ധിക്കും യുക്തിക്കും ശാസ്ത്രത്തിനുമനുസരിച്ച് വ്യാഖ്യാനിച്ച് ജീവിതത്തതിൽ പകർത്താനുള്ള സ്വാതന്ത്ര്യവും ഭഗവാൻ കൃഷ്ണൻ നമുക്ക് നൽകിയിട്ടുണ്ട്. ആത്മീയ ദൃഷ്ടിയിലൂടെയോ ഭൗതീക ദൃഷ്ടിയിലൂടേയോ ശാസ്ത്രീയ ദൃഷ്ടികോണിലൂടെയോ ഗീതാസന്ദേശം വിലയിരുത്താനാകുമെന്നുള്ളതു തന്നെയാണ് ഗീതയുടെ മഹത്വവും. ദേശീയതലത്തിലും അന്തർദേശീയ തലത്തിലും എം.ബി.എ ഉൾപ്പെടെയുള്ള ബിരുദത്തിന്റെ പഠനവിഷയങ്ങളിൽ പ്രാധാന്യത്തോടെ ഉൾപ്പെടുത്തിയിരിക്കുന്ന ഒന്നായിത്തീർന്നിരിക്കുന്നു ഭഗവദ്ഗീതയിലെ മാനേജ്മെന്റ് തത്വങ്ങൾ.

ഒരുവാക്ക് കൊണ്ടോ, വരികൊണ്ടോ, ശ്ലോകം കൊണ്ടോ, ഏതാനും ശ്ലോകങ്ങൾ കൊണ്ടോ, പൂർണമായി തന്നെയോ ശ്രീകൃഷ്ണൻ അർജ്ജുനനുകൊടുത്ത സന്ദേശം, സഞ്ജയൻ ദൂരെ മാറിനിന്ന് കണ്ടും, കേട്ടും അത് ധൃതരാഷ്ട്രർക്ക് വിവരിച്ചുകൊടുത്തത് വേദവ്യാസൻ മഹാഭാരതത്തിൽ ചേർത്തപ്പോൾ ഗീതക്ക് 700 ശ്ലോകങ്ങളായി എന്നൊരു വിവരണം സ്വാമി ചിന്മയാനന്ദൻ നൽകുന്നുണ്ട്.

ഇപ്രകാരമുള്ള അനവധി മാഹാത്മ്യങ്ങളും മഹത്വങ്ങളും ഭഗവദ്ഗീതക്കുണ്ട്. മാനസീക സംഘർഷത്തിന്റെ പരമകാഷ്ടയിൽ എത്തിനിന്നപ്പോൾ മാത്രമാണ്, അർജ്ജുനന് ചിരപരിചിതനും, ബന്ധുവും, സുഹൃത്തുമെല്ലാമായിരുന്ന ശ്രീകൃഷ്ണൻ ഗീത, വിവരിച്ചുകൊടുക്കുന്നത് എന്നത് പ്രത്യേകം സ്മരണീയമാണ്. അതുകൊണ്ടു തന്നെ ഭഗവദ്ഗീത ഒരു crisis management ഗ്രന്ഥവുമാണ്.

ലോകത്തിൽ ഏറ്റവുമധികം ഭാഷകളിലേക്കു വിവർത്തനം ചെയ്യപ്പെട്ടിട്ടുള്ള ഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ ഭഗവദ് ഗീതയും ഉൾപ്പെടുന്നു എന്നുള്ളത് സ്മരണീയമാണ്. അതുകൊണ്ടുതന്നെ ഗീത ഒരു പ്രായോഗിക ധർമ്മ ശാസ്ത്രഗ്രന്ഥമാണ്.

നെഗറ്റീവുകളെ പോസിറ്റീവുകളാക്കി മാറ്റാൻ കഴിവുള്ള ഒരു പൈതൃകത്തിന്റെ അവകാശികളായ നമുക്ക് അഭിമാനിക്കാനുള്ള അവസരമുണ്ടാകുന്നത്, അർജ്ജുനന്റെ തളർച്ചയിൽ നിന്നാണ് ഗീതയുടെ വളർച്ചയെന്നതു തന്നെയാണ്.

ഗീതയിൽ പാരമാർത്ഥികസത്യങ്ങളായ ഉപനിഷദ് ചിന്താധാരകളുടെ സത്താണുള്ളത്. അതുപോലെ പ്രായോഗിക ധർമ്മശാസ്ത്രത്തിന്റെ സത്തും അടങ്ങിയിരിക്കുന്നു. എല്ലാത്തരത്തിലുള്ള ചിന്താധാരകൾക്കും സ്ഥാനം നൽകിയിട്ടുള്ള മഹത്തായ ഒരു മഹാഭാരതാന്തർഗത ലഘുഗ്രന്ഥം, അതാണ് ഭഗവദ്ഗീത.

ആ ഭഗവദ്ഗീത മനപ്പാഠമാക്കാനായില്ലെങ്കിലും അതിന്റെ അഗാധമായ സന്ദേശങ്ങൾ ജീവിതത്തിൽ പകർത്താൻ വിഷമമുണ്ടാകില്ല. അതു കൊണ്ട് തന്നെയാണ് ഗീതാ സന്ദേശം സംക്ഷിപ്തമായി ഇവിടെ കുറി ക്കുന്നത്. സാധാരണക്കാർക്ക് ഗീതാസന്ദേശങ്ങൾ ഒന്ന്, എത്തിനോ ക്കുവാനായി ഈ രചന പ്രയോജനപ്പെടുമെന്നു വിശ്വസിക്കുന്നു!

**1. അർജ്ജുനവിഷാദയോഗം**

മഹാഭാരതയുദ്ധം ആരംഭിച്ചതിനെക്കുറിച്ച് ധൃതരാഷ്ട്രർ സഞ്ജയനോട് ചോദിക്കുന്ന വരി "എന്റെ ആൾക്കാരും പാണ്ഡവരുടെ ആൾക്കാരും ധർമ്മക്ഷേത്രമാകുന്ന കുരുക്ഷേത്രത്തിൽ എന്തെല്ലാം ചെയ്തു" യോടെ യാണ് ഭഗവദ്ഗീത ആരംഭിക്കുന്നത്. അതിനു മറുപടിയായി സഞ്ജ യൻ യുദ്ധക്ഷേത്രത്തിൽ രണ്ടുപക്ഷത്തുമുള്ളവരെയും ആദ്യം ധൃത രാഷ്ട്രർക്ക് പരിചയപ്പെടുത്തുന്നു.

യുദ്ധാരംഭത്തിന്റെ ഭാഗമായി പാണ്ഡവ-കൗരവപക്ഷത്തുള്ളവർ മുഴ ക്കിയ യുദ്ധകാഹളവും, ശംഖ-ഭേരിധ്വനിയും സഞ്ജയൻ വിവരിച്ചു കൊടുത്തു. ശ്രീകൃഷ്ണൻ, അർജ്ജുനന്റെ രഥം രണ്ടു സേനകളുടേയും മധ്യത്തിൽ ഇരുവശവുമുള്ള യോദ്ധാക്കളെ കാണുവാൻ സാധിക്കുന്ന വിധത്തിൽ നിർത്തുകയും ചെയ്തു. അർജ്ജുനനാകട്ടെ രണ്ടുപക്ഷത്തും നിൽക്കുന്ന തന്റെ ബന്ധുക്കളെയും അവരുടെ കൂടെയുള്ളവരേയും കണ്ടിട്ട് തകർന്ന മനസ്സോടെ ശ്രീകൃഷ്ണനോടായി വിലപിച്ചുകൊണ്ടു പറയുന്നു.

ഹേ കൃഷ്ണാ! രണ്ടുപക്ഷത്തും നിൽക്കുന്ന സ്വജനങ്ങളെ കാണു മ്പോൾ ഇവരെയാണല്ലോ യുദ്ധത്തിൽ വധിക്കേണ്ടതെന്നോർത്ത് ഞാൻ ആകപ്പാടെ തളരുന്നു. വിപരീതങ്ങളായ ശകുനങ്ങൾ കാണുന്നു. എനിക്ക് വിജയവും രാജ്യവും സുഖഭോഗങ്ങളും ഒന്നുംവേണ്ട. ഈ ബന്ധുഹത്യ എന്ന മഹാപാപം ചെയ്യാനെനിക്കാകില്ല. സ്വജനങ്ങളെ വധിച്ച് എന്തു രാജ്യം, എന്തു സുഖഭോഗങ്ങൾ ലഭിക്കാനാണ്. സ്വന്തം കുലം നശിപ്പിക്കുകയെന്ന അധർമ്മവും, അതിലൂടെ കുലസങ്കരമുണ്ടാ കാൻ കാരണവും, അതിനാൽ നരകമനുഭവിക്കേണ്ടിവരുന്ന അവസ്ഥ ക്കുമെല്ലാം ഈ യുദ്ധം കാരണമാകുമെന്നതിനാൽ ഈ മഹാപാതക ത്തിന് നമ്മൾ (ശ്രീകൃഷ്ണനും അർജ്ജുനനും) കൂട്ടുനിൽക്കരുത്. ഈ യുദ്ധത്തിൽ കൗരവന്മാരെന്നെ വധിച്ചാലും ഞാൻ അവരെ വധിക്കി ല്ലെന്നതു തീർച്ചയാണെന്നു പറഞ്ഞ് (അർജ്ജുനൻ) രഥത്തിലിരുന്നു. യഥാർത്ഥത്തിൽ കർമ്മനിരതനാകേണ്ട വേളയിൽ ധീരയോദ്ധാവ് തളർന്ന് വീഴുന്ന വിവരണമാണ് അർജ്ജുനന്റെ വിഷാദം നിറഞ്ഞ വാക്കുകളി ലൂടെ നാം വായിക്കുന്നത്.

## 2. സാംഖ്യയോഗം

**കൃഷ്ണൻ പറയുന്നു!** ഒരു ക്ഷത്രിയന് ഒരിക്കലും ഭൂഷണമല്ലാത്ത ഈ ഭീരുത്വം നിനക്കീവേളയിൽ എവിടെനിന്നു വന്നു അർജ്ജുനാ. ധീരനായ നീ ഈ ദുർബ്ബല ഹൃദയ വികാരത്തെ ഉപേക്ഷിച്ച് ധീരനായി മുന്നോട്ടു പോകണമെന്നു കൃഷ്ണൻ നിർദ്ദേശിക്കുന്നു. അർജ്ജുനൻ തന്റെ വേദനാജനകമായ വികാരത്തിലൂടെ വീണ്ടും ആവർത്തിച്ചുപറയുന്നു; ബന്ധുക്കളും ആചാര്യന്മാരും പിതാമഹന്മാരുമായിട്ടുള്ള ഈ യുദ്ധം ധർമ്മശാസ്ത്രത്തിനുപോലും എതിരായതിനാൽ ഞാൻ യുദ്ധം ചെയ്യില്ല.

അതിനുമറുപടിയായി കൃഷ്ണൻ വിവരിക്കുന്നു; നമ്മളെല്ലാം ഈ ഭൂമിയിൽ കാലാകാലം ഉണ്ടായിരുന്നതാണ്, ഇനിയുമുണ്ടാകുന്നവർ തന്നെയായിരിക്കും. ശരീരം മാറികൊണ്ടേയിരിക്കുമ്പോഴും ആത്മാവ് ഒന്നു തന്നെയായി നാം ഇവിടെ നിലനിൽക്കുന്നു. ഉള്ളതൊന്നും ഇല്ലാതാകുകയില്ല ഇല്ലാത്തത് ഒന്നും ഉണ്ടാകുകയുമില്ല. ആത്മാവിനെ നശിപ്പിക്കാനാർക്കും ആകുകയുമില്ല, കാരണം അതിന് ജനനമരണങ്ങളില്ല. ആത്മാവ് സനാതനവും ഒരുവിധത്തിലുള്ള നാശത്തിനും വിധേയമാകാത്തതുമാണ്. ആത്മാവ് അവ്യക്തവും, ചിന്താതീതവും, വികാരാതീതവുമാണ്. അങ്ങിനെയുള്ള ആത്മാവ് ആരെയും കൊല്ലുന്നുമില്ല സ്വയം വധിക്കപ്പെടുന്നുമില്ല. പിന്നെയെന്തിന് ഞാൻ കൊല്ലുന്നു എന്ന് നീ വിലപിക്കുന്നു അർജ്ജുനാ എന്ന് കൃഷ്ണൻ വിവരിക്കുന്നു.

ഹേ അർജ്ജുനാ ഞാൻ ആത്മാവിനെക്കുറിച്ചു പറഞ്ഞതൊന്നും നിനക്കംഗീകരിക്കാൻ ഇപ്പോൾ സാധിക്കുന്നില്ല, മറിച്ച് യുദ്ധഭൂമിയിൽ നടക്കുന്നത് ചാകലും കൊല്ലലുമാണെന്ന് നിനക്കുറപ്പായി തോന്നുന്നു എങ്കിൽ ഞാൻ പറയട്ടെ; ജനിച്ചാൽ മരണമുണ്ട് മരിച്ചാൽ ജനനവുമുണ്ട്. അങ്ങിനെ വിശകലനം ചെയ്താൽ മരണത്തിനുശേഷമുള്ള നമ്മുടെയെല്ലാം അവസ്ഥയും ജനനത്തിനുമുമ്പുള്ള അവസ്ഥയും വ്യക്തമല്ലാത്തതുമാണ്. ഇതിനു രണ്ടിനുമിടക്കുള്ള ഈ ജീവിതം ഒരത്ഭുത പ്രതിഭാസമാണ്. അത്ഭുതപ്രതിഭാസമായ ജീവിതം തന്നെ ഒരു നാടകമാണെന്നു നീയറിയുക. ധർമ്മബോധത്തോടെ ആ നാടകം അഭിനയിക്കുക.

നമ്മുടെ ശരീരം തീർച്ചയായും നശിക്കുന്നു. ആത്മാവ് ശാശ്വതമായി നിലനിൽക്കുന്നു. ഇതു രണ്ടും മാറ്റിവെച്ചൊന്നു ചിന്തിക്കുക. നീ നിന്റെ ധർമ്മം ചെയ്യേണ്ടതല്ലേ? അഥവാ ക്ഷത്രിയനായ നീ ധർമ്മത്തെ പുനസ്ഥാപിക്കാൻ ശ്രമിക്കേണ്ടതല്ലേ? മറ്റെല്ലാ മാർഗ്ഗങ്ങളും അടഞ്ഞപ്പോൾ മാത്രമല്ലേ ക്ഷത്രിയന്റേതായ സ്വധർമ്മം യുദ്ധത്തിലൂടെ നീ അനുഷ്ഠിക്കുന്നത്. ക്ഷത്രിയധർമ്മമാണ് യുദ്ധത്തിലൂടെ പോലും രാഷ്ട്രത്തിൽ ധർമ്മം നിലനിറുത്തുകയെന്നത്. അപ്രകാരം ചെയ്യാതെ യുദ്ധക്ഷേത്രത്തിൽ നിന്ന് ശത്രുക്കളെ കണ്ട് ഭയപ്പെട്ട് പലായനം ചെയ്യാനാണ് ഭാവ

മെങ്കിൽ നീ ക്ഷത്രിയധർമ്മം ലംഘിച്ചവനായിത്തീരും. അർജ്ജുനൻ ഭീരുവാണെന്ന് ലോകജനത മുദ്രകുത്തുകയും ചെയ്യും.

ക്ഷത്രിയന്മാർ യുദ്ധം ചെയ്ത് വീരസ്വർഗം പ്രാപിക്കുന്നു അല്ലെങ്കിൽ ധർമ്മസ്ഥാപനത്തിലൂടെ മഹാന്മാരായിത്തീരുന്നു. ഇതാണ് ധാർമ്മീകമായ വ്യവസ്ഥിതി. ലക്ഷ്യബോധത്തോടെ അവരവരുടെ ധർമ്മം അനുഷ്ഠിക്കുക. ഇതിൽ പലതരചിന്തകൾക്കും സ്ഥാനങ്ങളില്ല. ഒറ്റല ക്ഷ്യത്തിലൂടെ, ധർമ്മസ്ഥാപനത്തിനുവേണ്ടിയുള്ള ത്യാഗം സഹിച്ച് അവർ മുന്നേറുന്നു. അവർ സ്വന്തം കർമ്മം ധർമ്മമായിട്ടനുഷ്ഠിക്കുന്നു. അതിന്റെ ഫലത്തെക്കുറിച്ചോ പ്രതിഫലത്തെക്കുറിച്ചോ വേവലാതിപ്പെടാതെ ഏകാഗ്രബുദ്ധിയോടെയും, സ്വധർമ്മത്തിൽ കേന്ദ്രീകരിച്ചും, പലതും ചിന്തിക്കാതെയും, യോഗിയെപോലെയും, സ്ഥിതപ്രജ്ഞനായും, ആത്മസംതൃപ്തിയോടെയും, സുഖദുഃഖങ്ങളെ തുല്യമാക്കിയും, ചുറ്റുപാടുനിന്നു വരുന്ന വിലയിരുത്തലുകൾക്ക് വിധേയരാകാതേയും ലക്ഷ്യവും മാർഗവും മനസ്സിലുറപ്പിച്ചും, ഈശ്വര സ്മരണയിലൂടെയും, എല്ലാത്തിനോടും ബന്ധം വെക്കുമ്പോഴും ഒന്നിനോടും ബന്ധനമില്ലാതെയും, വികാരങ്ങൾക്ക് വിധേയരാകാതേയും സംതൃപ്തമായ മനസ്സോടെയും, ഇന്ദ്രിയങ്ങളെ നിയന്ത്രിച്ചും, സമുദ്രത്തിലേക്ക് നദികൾ ചേരുമ്പോൾ ശാന്തമായി സമുദ്രം അതു സ്വീകരിക്കുന്ന മനോഭാവത്തോടെയും, അഹങ്കാരവും അമിതാവേശവുമില്ലാതെയും ധീരന്മാർ പെരുമാറുന്നതുപോലെ ഹേ അർജ്ജുനാ നീ നിന്റെ കർമ്മം ധർമ്മമായിട്ടനുഷ്ഠിക്കണം.

**3. കർമ്മയോഗം**

ജ്ഞാനയോഗമാണോ കർമ്മയോഗമാണോ ശ്രേഷ്ഠം എന്ന അർജ്ജുനന്റെ ചോദ്യത്തിന് കൃഷ്ണൻ മറുപടി പറയുന്നു. ഈ ലോകത്തിൽ അറിവുനേടി അറിവു കൊടുക്കുന്ന യജ്ഞമാണ് ജ്ഞാനയോഗികൾ ചെയ്യുന്നത്. ശാരീരികമായി, അർപ്പണഭാവത്തോടെ നിരന്തരമുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നവരാണ് കർമ്മയോഗികൾ. കർമ്മയോഗത്തിലൂടെയല്ലാതെ ജ്ഞാനയോഗത്തിലേക്കുള്ള പ്രവേശനം അസാദ്ധ്യമാണ്. ഈ പ്രപഞ്ചത്തിലെ സർവചരാചരങ്ങളും നിരന്തരം കർമ്മനിരതമാണ്. കർമ്മേന്ദ്രിയങ്ങളെ ബലാൽക്കാരമായി നിയന്ത്രിച്ച് മനസ്സിനെ നിയന്ത്രിക്കാതെയിരിക്കുന്നവൻ ശുദ്ധതട്ടിപ്പുകാരാണ്. എന്നാൽ ഇന്ദ്രിയങ്ങളെ മനസ്സുകൊണ്ടു നിയന്ത്രിച്ച് അതാതു ഇന്ദ്രിയങ്ങളെ കർമ്മനിരതമാകാൻ അനുവദിക്കുന്നതാണുത്തമം. അവനവൻ ചെയ്യേണ്ടതായ കർമ്മം ധർമ്മമായിട്ടാണ് കർമ്മയോഗികളനുഷ്ഠിക്കുന്നത്. യജ്ഞഭാവത്തോടെ ത്യാഗപൂർണമായി കർമ്മമനുഷ്ഠിക്കുമ്പോൾ കർമ്മത്തോടും കർമ്മഫലത്തോടും കർമ്മയോഗികൾക്ക് ബന്ധനമുണ്ടാകുന്നില്ല. കർമ്മയോഗത്തിലൂടെ തന്നെയാണ് പ്രകൃതിയിലെ സർവചരാചരങ്ങളും യജ്ഞഭാവത്തിൽ കർമ്മനിരതമാകുന്നത്.

യജ്ഞഭാവത്തിലുള്ളതും സമർപ്പണമനോഭാവത്തോടെയുള്ളതുമായ കർമ്മാനുഷ്ഠാനത്തിലൂടെ യോഗിക്ക് സർവചൈതന്യവും പ്രകൃതിയും പ്രസാദിച്ചനുഗ്രഹിക്കുന്നു. പ്രകൃതിയിലെ എല്ലാ പ്രതിഭാസങ്ങളും യജ്ഞഭാവത്തിൽ തന്നെ ചാക്രികമായി നിരന്തരം തുടരുന്നു. ഈ ചക്രത്തിന്റെ ഭ്രമണത്തിന്റെ ഭാഗമായി തീരുന്നതാണ് ധർമ്മം. അതാണ് ആത്മസംതൃപ്തിക്കു കാരണഭൂതമാകുന്നതും. ബന്ധം നിലനിർത്തുമ്പോഴും ബന്ധനമില്ലാതെ കർമ്മനിരതനാകുവാൻ കർമ്മയോഗിക്ക് സാധിക്കുന്നു. ജനകാദിമഹാരാജാക്കന്മാർ പോലും രാജ്യഭരണം നടത്തിയത്, ബന്ധം നിലനിർത്തി ബന്ധനമില്ലാതെയാണ്. അതാണ് ശ്രേഷ്ഠന്മാരുടെ പന്ഥാവും! ഞാനും (ശ്രീകൃഷ്ണനും) പ്രകൃതിയും നിരന്തരം കർമ്മനിരതമാകുന്നത് യജ്ഞഭാവത്തിലുള്ള കർമ്മാനുഷ്ഠാനത്തിനുത്തമ മാതൃകയാണ്.

സാധാരണക്കാർ കർമ്മമനുഷ്ഠിക്കുന്നതുപോലെത്തന്നെയായിരിക്കും കർമ്മയോഗിയും കർമ്മമനുഷ്ഠിക്കുന്നത്. സാധാരണക്കാർ കർമ്മത്തിൽ ബന്ധനസ്ഥരാണെങ്കിൽ കർമ്മയോഗി ബന്ധിതനല്ലാ എന്ന വ്യത്യാസമേയുള്ളൂ. അതുകൊണ്ട് നമ്മൾ കർമ്മയോഗികളാകണം. മറ്റൊരു മാർഗമുള്ളത് കൂടുതൽ എളുപ്പമാണ്. നാം ചെയ്യുന്ന അഥവാ അനുഷ്ഠിക്കുന്നതായ എല്ലാ കർമ്മങ്ങളും ഈശ്വരാർപ്പണമായിട്ടനുഷ്ഠിക്കുക. ഈ യുദ്ധം പോലും ഈശ്വരാർപ്പണമായ യജ്ഞമാക്കി മാറ്റുക. അതാണ് കർമ്മയോഗിക്കുത്തമം!

പലരും വിവിധ തരത്തിലുള്ള നീച കർമ്മങ്ങളനുഷ്ഠിക്കുന്നതെന്തുകൊണ്ടാണെന്ന് ചിലർ ചോദിക്കാറുണ്ട്. അതിന്റെ കാരണം; നീച പ്രവർത്തി ചെയ്യുന്നവരുടെ മനസ്സിലും ബുദ്ധിയിലും ഇന്ദ്രിയങ്ങളിലും ജന്മനാൽ തന്നെയുള്ളത് അമിതമായ ആഗ്രഹവും അമിതമായ വാശിയും (പകയും/വിദ്വേഷവും) ആണ്. ഈ വികാരങ്ങളാണ് അവരെ അതിന് പ്രേരിപ്പിക്കുന്നത്. ഈ അത്യാഗ്രഹവും ക്രോധവും (വാശിയും) ആണ് മനുഷ്യനെ പാപകർമ്മത്തിലേക്ക് വലിച്ചിഴക്കുന്നത്. ഇതു രണ്ടും മനുഷ്യന്റെ വിവേകത്തേയും, ബുദ്ധിയേയും, ചിന്താശക്തിയേയും ചൈതന്യരഹിതമാക്കുന്നു. ഈ രണ്ടു ശത്രുക്കളും ആന്തരീകമായി നിലനിൽക്കുന്നതിനാൽ നമ്മളിൽ തന്നെയുള്ള ശത്രുക്കളെ നിഗ്രഹിച്ച് നാം വിവേകികളായിത്തീരണം. അത്യാഗ്രഹം, ദ്വേഷം ഇവ രണ്ടും നമ്മുടെ ബുദ്ധിയേയും വിവേകത്തേയും നശിപ്പിക്കുന്ന ശത്രുക്കളാണെന്നോർമ്മിച്ച് കർമ്മയോഗിയായി സ്വധർമ്മം അനുഷ്ഠിക്കണം.

### 4. ജ്ഞാനകർമ്മസന്യാസയോഗം

ജ്ഞാനകർമ്മ സന്യാസയോഗാന്തർഗതമായ അറിവ് അനവധി സഹസ്രാബ്ദങ്ങളായി നിലനിൽക്കുന്നതാണ്. ധർമ്മത്തിനു ഗ്ലാനി സംഭവിക്കുകയും അധർമ്മം വളരുകയും ചെയ്യുമ്പോഴും നന്മ ചെയ്യുന്നവരെ സംരക്ഷിക്കാനും തിന്മ ചെയ്യുന്നവരെ നിഗ്രഹിക്കാനും കാലം അതിന്റെ

ഭാഗം അഭിനയിപ്പിക്കുന്നു. എന്നെ ആരാധിക്കുന്നവർ എന്നിലെത്തിച്ചേരുന്നു. കർമ്മമാർഗ്ഗമാണ് സാധാരണക്കാർക്ക് പ്രാപ്യമായ എളുപ്പവഴി മാനവരാശിപോലും കർമ്മത്തിന്റെ അടിസ്ഥാനത്തിൽ വിഭജിക്കപ്പെട്ടിരിക്കുന്നു. പ്രകൃതി കർമ്മവുമായി ബന്ധനത്തിലേർപ്പെടുന്നുമില്ല. കർമ്മങ്ങളൊന്നു മഹാചൈതന്യമായ ഈശ്വരനെ ബാധിക്കുന്നുമില്ലാ ഋഷിവര്യന്മാർക്ക് കർമ്മവും, അകർമ്മവും, വികർമ്മവും വളരെ വ്യക്തമായിട്ടറിവുള്ളതാണ്. കർമ്മത്തിൽ കർമ്മരാഹിത്യത്തേയും കർമ്മരാഹിത്യത്തിൽ കർമ്മത്തേയും അനുഭവിക്കാൻ സാധിക്കുന്നവരാണ് യോഗികൾ.

എന്റെ ശരീരം അതിന്റെ കർമ്മമനുഷ്ഠിക്കുന്നു എന്ന വിഭാവത്തിൽ കർമ്മബന്ധിതരാകാതെ യോഗികൾ കർമ്മമനുഷ്ഠിക്കുന്നു. യാദൃച്ഛികമായി ലഭിക്കുന്ന പ്രതിഫലത്തിൽ അവർ സന്തുഷ്ടരുമായിത്തീരുന്നു. അവർ, എല്ലാം ബ്രഹ്മാർപ്പണമായിത്തന്നെ ചെയ്യുന്നു. ചിലർ ഇന്ദ്രിയങ്ങളെ നിയന്ത്രിച്ച് കർമ്മമനുഷ്ഠിക്കുന്നു. മറ്റുചിലർ ഈശ്വരാർപ്പണമായി കർമ്മം ചെയ്യുന്നു. മറ്റുചിലർ ആത്മസംയമനത്തിലൂടെ തപസ്സനുഷ്ഠിക്കുന്നകർമ്മം ചെയ്യുന്നു. പലയോഗികൾ പലവിധ യജ്ഞങ്ങളനുഷ്ഠിക്കുന്നു. തപോയജ്ഞം, യോഗയജ്ഞം, സ്വാധ്യായയജ്ഞം, ദ്രവ്യയജ്ഞം എന്നിവ ഇതിനുദാഹരണങ്ങളാണ്. എല്ലാ കർമ്മവും ജ്ഞാനത്തിൽ പര്യവസാനിക്കുന്നു. അതുകൊണ്ട് ജ്ഞാനികളിൽ നിന്നും സാധാരണക്കാർ ജ്ഞാനം സമ്പാദിക്കണം. ഈ അറിവിലൂടെ തന്നെ എല്ലാവിധ പാപത്തിൽ നിന്നും മോചനം നേടാനാകും. എല്ലാവിധ കർമ്മത്തിന്റെയും പരിസമാപ്തി ജ്ഞാനത്തിലാണ്. അതുകൊണ്ട് ജ്ഞാനത്തിനു തുല്യമായിട്ട് മറ്റൊന്നുമില്ല. അത് ശ്രദ്ധയിലൂടെ, ശാന്തിലക്ഷ്യം വച്ച് നേടണം. എല്ലാത്തിനേയും സംശയിക്കുന്നവൻ സർവനാശത്തിലേക്ക് പ്രയാണം ചെയ്യുന്നു. അതിനാൽ ശ്രേഷ്ഠമായൊരു ജീവിതത്തിനും കർമ്മനിരതനാകുന്നതിനും അറിവുനേടി ജ്ഞാനിയാകുകതന്നെ വേണം.

**5. കർമ്മസന്യാസ യോഗം**

സന്യാസം സ്വീകരിച്ച് ഒരു യോഗിയെപോലെ ജീവിക്കുന്നതാണോ ശ്രേഷ്ഠം അഥവാ ഒരു കർമ്മയോഗിയായി ജീവിക്കുന്നതാണോ ശ്രേഷ്ഠം എന്ന അർജ്ജുനന്റെ ചോദ്യത്തിന് ശ്രീകൃഷ്ണൻ വിശദീകരണം നൽകുന്നു. സന്യാസവും കർമ്മയോഗവും ശ്രേഷ്ഠം തന്നെയാണെങ്കിലും കർമ്മനിരതരാകേണ്ടവർ കർമ്മയോഗത്തിലൂടെ ചരിക്കണം. ഒരു കർമ്മയോഗി, കർമ്മത്തിൽ ബന്ധമുള്ളപ്പോഴും കർമ്മഫലത്തിൽ ബന്ധിതനാകാതെ മുന്നേറണം. മാത്രമല്ല സാംഖ്യയോഗവും (ജ്ഞാനയോഗവും) കർമ്മയോഗവും പരസ്പരം പൂരകമാണ്. അവ രണ്ടും വിരുദ്ധങ്ങളല്ല തന്നെ. രണ്ടിന്റേയും ലക്ഷ്യം ഒന്നു തന്നെയാണ്.

കർമ്മമാർഗത്തിലൂടെയല്ലാതെ ജ്ഞാനയോഗിയാകാൻ ആർക്കും സാധ്യമല്ല. മനസ്സിനെ പൂർണ്ണനിയന്ത്രണത്തിൽ കൊണ്ടു വന്നു കഴിഞ്ഞ കർമ്മയോഗിക്ക് ഒരു കർമ്മവും സ്വയം ചെയ്യുന്നു എന്ന തോന്നലുണ്ടാകില്ല. ബന്ധനങ്ങളില്ലാതെ സിദ്ധിയുടെ മാർഗത്തിലേക്കു തന്നെ അവർ പ്രയാണം ചെയ്യുന്നു. ഈ കർമ്മഫലത്യാഗമാണ് കർമ്മയോഗിയുടെ ലക്ഷ്യവും ലക്ഷണവും, മാർഗവുമെല്ലാം!

ഈശ്വരൻ കർമ്മത്തിന്റെ സത്ഫലത്തേയോ ദുഷ്ഫലത്തേയോ തരുന്നില്ല. അതുകൊണ്ടുതന്നെ ഈശ്വരൻ പാപപുണ്യങ്ങളും നരകസ്വർഗങ്ങളുടെയും ഉടമസ്ഥനോ ദാതാവോ അല്ല. ദാതാവാണെന്ന തെറ്റിദ്ധാരണയുമുണ്ടാകരുത്. ഈ അറിവാണ് പാണ്ഡിത്യത്തിലേക്കു നയിക്കുന്നത്. പണ്ഡിതന് എല്ലാം ഒരേ പോലെ തന്നെയാണ്.

പരമമായ ആത്മചൈതന്യം ഒന്നിനേയും ബന്ധിക്കുന്നില്ല. അതിന് ഇഷ്ടാനിഷ്ടങ്ങളില്ല, അതിന് നന്മ തിന്മകളുമില്ല. ജ്ഞാനയോഗിയും കർമ്മയോഗിയും ഈ പരമാത്മ ചൈതന്യത്തെ ആത്മാനന്ദത്തിന്റെ അനുഭൂതിയിലൂടെ അറിയുകയും അനുഭവിക്കുകയും ചെയ്യുന്നു. ആ യോഗി അത്യാഗ്രഹത്തിൽ നിന്നും ദ്വേഷങ്ങളിൽ നിന്നും ശാശ്വതമായ മോചനം നേടിയവനുമായിരിക്കും. അവർ ബ്രഹ്മജ്ഞാനിയുടെ നിലവാരത്തിലേക്കുയരുന്നു. അതിനാൽ ജ്ഞാനയോഗിയും കർമ്മയോഗിയും ഒരേ പദത്തിലെത്തുന്നു. കർമ്മപന്ഥാവ് ജ്ഞാനപന്ഥാവിനേക്കാൾ സാമാന്യജനതക്ക് എളുപ്പമാണെന്നും സ്മരിക്കണം. വിദ്യാഭ്യാസമുള്ളവനും ഇല്ലാത്തവനും, പണ്ഡിതനും പാമരനും. അവനവൻ അനുഷ്ഠിക്കുന്ന കർമ്മം, ഭക്തിശ്രദ്ധയോടെ അനുഷ്ഠിച്ചാൽ അവനും പരമമായ അവസ്ഥ കൈവരിക്കാനാകുമെന്നു മാത്രമല്ല ഈ സമൂഹത്തിന് അവൻ ചെയ്യുന്ന കർമ്മത്തിന്റെ ഫലം വളരെയേറെ പ്രയോജനപ്പെടുകയും ചെയ്യും.

**6. ആത്മസംയമനയോഗം**

കർമ്മത്തിൽ ബന്ധം നിലനിർത്തിക്കൊണ്ടു തന്നെ എന്നാൽ കർമ്മത്തിലും കർമ്മഫലത്തിലും കർമ്മത്തിന്റെ പ്രതിഫലത്തിലും ബന്ധനമില്ലാത്ത ഒരു കർമ്മയോഗി, സന്യാസിയുമാണ് യോഗിയുമാണ്. അതിഗഹനമായി വിശകലനം ചെയ്താൽ സന്യാസം തന്നെയാണ് കർമ്മയോഗമെന്നും വ്യക്തമാകും. യോഗിയുടെ പരമമായ അവസ്ഥയിലെത്തിയവന് ഒന്നിനോടും ബന്ധനമില്ല തന്നെ.

അവനവനെ അവനവൻ ഉയർത്തണം, അവനവനെ അവനവൻ അപകീർത്തിപ്പെടുത്തരുത്, അവനവന്റെ ബന്ധു അവനവൻ തന്നെയാണ്, അവനവന്റെ ശത്രുവും അവനവൻ തന്നെയാണ്. നന്മ നിറഞ്ഞ നമ്മുടെ മനസ്, ബന്ധുവും തിന്മ നിറഞ്ഞ മനസ് നമ്മുടെ ശത്രുവുമായിത്തീരുന്നു. പരമാത്മചൈതന്യം പരിശുദ്ധമായ അറിവായി നിലനിൽക്കുന്നു.

ഇന്ദ്രിയങ്ങളുടെ സ്വാധീനത്തിൽ നിന്ന് മോചിതനായവന് മാത്രമേ ആത്മ സാക്ഷാത്ക്കാരം സാധ്യമാകൂ. അങ്ങിനെയുള്ള വ്യക്തിക്ക് ധ്യാന മാർഗവും എളുപ്പമായിത്തീരുന്നു. അവനവനിലൊ ശ്രീകൃഷ്ണപരമാത്മാവിലൊ ശ്രദ്ധ കേന്ദ്രീകരിച്ച് ധ്യാനിക്കാൻ ഈ യോഗിക്ക് വിഷമത യനുഭവപ്പെടുകയുമില്ല. എല്ലാ പ്രകാരത്തിലും ഈ യോഗി ശരീരത്തേയും മനസ്സിനേയും നിയന്ത്രിക്കുവാൻ കഴിവുള്ളവനായിത്തീരുന്നു. കാറ്റില്ലാത്ത വേളയിലെ ദീപശിഖപോലെ യോഗിയുടെ മനസ് ശാന്തമായിരിക്കും. വേദനയും സുഖവും സന്തോഷവും ഈ യോഗിയെ ബാധിക്കുകയുമില്ല. കാരണം അതിലും പരമമായ ആനന്ദത്തിലവൻ അധിവസിക്കുന്നു. നിരന്തരമുള്ള സാധനയിലൂടെ മാത്രമേ മനസ്സിനെ ബാഹ്യ സ്വാധീനങ്ങളിൽ നിന്ന് മോചിപ്പിക്കാനാകൂ. ആത്മ-പരമാത്മ ഭേദഭാവന പോലും ഈ യോഗിക്കുണ്ടാകുന്നില്ല. എല്ലാം ഒന്നായിക്കാണാൻ ഈ യോഗിക്ക് സാധിക്കുന്നു.

ഏതു യോഗിക്കും (വ്യക്തിക്കും) യോഗസാധനയുടെ ആരംഭത്തിൽ മനസ്സ് ചഞ്ചലമായിത്തന്നെ നിലനിൽക്കും. അഭ്യാസത്തിലൂടെ മാത്രമേ മനസ്സിനെ അചഞ്ചലമാക്കാനാകൂ. മനസ്സിനെ നിയന്ത്രിക്കാതെ യോഗ മാർഗം ദുഷ്കരമാണ്. എന്നാൽ നിരന്തര സാധനയിലൂടെ ഇതു പ്രാപ്യവുമാണ്. ഇനി യോഗിയുടെ നിലവാരത്തിലുയരാൻ സാധിക്കാത്ത സാധകൻ ഉണ്ടെങ്കിൽ പോലും എന്നും നന്മയിലേക്കു തന്നെ ആ വ്യക്തി നയിക്കപ്പെടുന്നു. മംഗളകരമായ അനുഭവം ആ വ്യക്തിക്ക് അനുഭവിക്കാനും സാധിക്കുന്നു. അതിശ്രേഷ്ഠമായ യോഗിയുടെ കുലത്തിൽ തന്നെ പുനർജനിച്ച് പടിപടിയായി ഉയരാൻ പാകത്തിന് പൂർവജന്മസ്മൃതിയുമവന് ലഭിക്കുന്നു. ഈ വ്യക്തി ശ്രേഷ്ഠനായിത്തന്നെ നിലനിൽക്കുന്നു, കർമ്മനിരതനാകുകയും ചെയ്യുന്നു.

**7. ജ്ഞാനവിജ്ഞാനയോഗം**

സകലചരാചരങ്ങളുടെയും അടിസ്ഥാനഘടകമാണ് 'പ്രകൃതി' എന്നത്. പ്രകൃതി എന്നത് ഭൂമി, ജലം, അഗ്നി, വായു, ആകാശം, മനസ്, ബുദ്ധി, അഹംബോധം എന്നീ എട്ടു ഘടകങ്ങൾ ചേർന്നതാണ്. അതിൽ ആത്മചൈതന്യം, പരമാത്മചൈതന്യത്തിന്റെ ഭാഗമായി നിലകൊള്ളുന്നു. ഇവ രണ്ടും ചേരുമ്പോൾ അതാതിൽ നിന്ന് സൃഷ്ടി നടക്കുന്നു. പരമാത്മ ചൈതന്യത്തിൽ നിന്നന്യമായി മറ്റൊന്നുമില്ല. അതു ഞാൻ (കൃഷ്ണൻ) തന്നെയാണ്. ഈ പ്രകൃതിയിലെ ജലത്തിന്റെ സ്വഭാവവും, സൂര്യചന്ദ്രന്മാരുടെ പ്രകാശവും, ഓംകാരവും മനുഷ്യനിലെ മനുഷ്യത്വവും, എല്ലാത്തിന്റേയും ബീജവും, ബുദ്ധിയും, ചൈതന്യവും, ധീരതയും, ആഗ്രഹവും, എല്ലാമെല്ലാം ഈ ചൈതന്യത്തിന്റെ ഭാഗമാണ്. അവയെല്ലാം എന്നിൽനിലനിൽക്കുന്നു എങ്കിലും ഞാനതിൽ നിലനിൽക്കുന്നില്ല. പക്ഷേ ജ്ഞാനികളല്ലാത്തവർ ഇതറിയുന്നില്ല. കാരണം

ഇതെല്ലാം മായയാൽ അവൃതായിരിക്കുന്നു. എന്നെ (ശ്രീകൃഷ്ണനെ) പലരും പല വിധത്തിലുപാസിക്കുന്നു, അതിൽ ജ്ഞാനിയാണ് ശ്രേഷ്ഠനായ ഉപാസകൻ. ആ ഉപാസകൻ വ്യക്തമായിട്ടറിയുന്നു, ഇതെല്ലാം വാസുദേവചൈതന്യം തന്നെയാണെന്ന്. ഉപാസകൻ ഉപാസനക്കായി ഏതു മാർഗമവലംബിച്ചാലും അതെല്ലാം എന്നിൽ തന്നെയെത്തിച്ചേരുന്നു. അവന് അതിന്റെ ഫലവും ലഭിക്കുന്നു. എല്ലാവർക്കും എന്നെ പൂർണ വ്യക്തതയോടെ കാണുവാനാകുന്നില്ല. കാരണം ഞാൻ യോഗമായയാൽ അവൃതനായി നിലകൊള്ളുന്നു. ഭൂതവും, ഭാവിയും വർത്തമാനവും എന്നിൽ നിലനിൽക്കുന്നു. ആരെല്ലാമാണോ അജ്ഞാനം നീങ്ങി ജ്ഞാനിയായിത്തീരുന്നത് അവനെന്നെ എളുപ്പത്തിൽ തിരിച്ചറിയുന്നു. അവർ ജീവിതത്തിലെ വേദനകളിൽ നിന്നും പ്രശ്നങ്ങളിൽ നിന്നും ബന്ധനങ്ങളിൽ നിന്നും മോചിതരായിത്തീരുകയും ചെയ്യുന്നു.

അതിനാൽ എട്ടുവിധ പ്രകൃതിയെ ചൈതന്യവത്താക്കുന്ന ആത്മ-പരമാത്മചൈതന്യമാകുന്ന ശ്രീകൃഷ്ണനെയും, ഈ ഗീതാ ഉപദേശവും വ്യക്തമായി, ജ്ഞാനത്തിലൂടെയും വിജ്ഞാനത്തിലൂടെയും അറിയാനാകണം. ആത്മീയതയും ശാസ്ത്രവും, ജ്ഞാനവും വിജ്ഞാനവുമായി ഇവിടെ സമന്വയിക്കുന്നു. ഭാരതീയ പൈതൃകത്തിന്റെ ആചാര-വിചാര-വിശ്വാസ-സങ്കൽപ-ഗ്രന്ഥങ്ങളെല്ലാം ജ്ഞാനവിജ്ഞാന സമ്മിശ്രമാണ് എന്ന് പ്രത്യേകം ഓർമ്മിക്കുക.

### 8. അക്ഷരബ്രഹ്മയോഗം

ബ്രഹ്മമെന്താണ്, അദ്ധ്യാത്മം എന്താണ്, കർമ്മം എന്താണ് മരണസമയത്ത് ആത്മാവ് എങ്ങോട്ടാണ് യാത്രചെയ്യുന്നതെന്നും അധിഭൂതവും അധിദൈവവും അധിയജ്ഞവും എന്താണെന്നും അർജ്ജുനന്റെ ചോദ്യത്തിന് ശ്രീകൃഷ്ണൻ മറുപടി പറയുന്നു.

ബ്രഹ്മമെന്നത് നാശരഹിതമായ ഊർജ്ജം തന്നെയാണ്. ഓരോ വ്യക്തിയുടേയും സ്വതസിദ്ധമായഭാവമാണ് അദ്ധ്യാത്മം, സൃഷ്ടിയാണ് കർമ്മം, ഈ പ്രപഞ്ചത്തിൽ നാശത്തിനു വിധേയമായി നിലനിൽക്കുന്നതെന്തെല്ലാമാണോ അതെല്ലാം അധിഭൂതമാണ്. പ്രപഞ്ച ചൈതന്യമാണ് അധിദൈവം, സർവചരാചരങ്ങളിലും അന്തർലീനമായി നിലകൊണ്ട് പ്രവർത്തിക്കുന്നതിനെയാണ് അധിയജ്ഞം എന്നു പറയുന്നത്. ആരെല്ലാമാണോ ശ്രീകൃഷ്ണനെ സ്മരിച്ച് മരണം വരിക്കുന്നത് അവന്റെ ആത്മാവ് എന്നിൽതന്നെ വന്നു ചേരുന്നു. മരണവേളയിൽ എന്തിനെയാണോ ആഗ്രഹിച്ച്, അതിനെ ചിന്തിച്ചുകൊണ്ടുമരിക്കുന്നത് അതായി പുനർജന്മം നേടുന്നു. എന്നിലേക്കു വന്നു ചേരുവാനാഗ്രഹിക്കുന്നവൻ അതുകൊണ്ട്, എല്ലായ്പ്പോഴും എന്നെ സ്മരിക്കുന്നതാണുത്തമം. ശ്രീകൃഷ്ണസ്മരണ നിരന്തരമുള്ള പരിശ്രമത്തിലൂടെ സാധിക്കുകയും ചെയ്യുന്നു.

പരമാത്മചൈതന്യത്തെ ദൃഢമനസ്സോടെ ധ്യാനിക്കുന്നവ്യക്തി ആ പദത്തിലേക്കുയർത്തപ്പെടുന്നു. ഓംകാരം ജപിച്ച് പഞ്ചേന്ദ്രിയങ്ങളേയും പൂർണ്ണമായും നിയന്ത്രിച്ച്, പരമാത്മാവിനെ മാത്രം ധ്യാനിച്ച് ജീവൻ ത്യജിക്കാൻ സാധിക്കുന്ന വ്യക്തിയുടെ ആത്മാവ് ഏറ്റവും ശ്രേഷ്ഠമായ പദവിയിലെത്തുന്നു. അവർക്ക് പിന്നെ പുനർജന്മമില്ലതന്നെ. മറ്റേത് പദവിയിലെത്തുന്ന ആത്മാവും പുനർജന്മത്തിന് വിധേയമാകുമ്പോൾ എന്നെ പ്രാപിക്കുന്ന ജീവാത്മാവ് ജനനമരണചക്രങ്ങളിൽ നിന്ന് മോചിതമാണ്. ജനനമരണങ്ങളില്ലാത്ത പരമമായ ചൈതന്യത്തിൽ വിലയം പ്രാപിക്കുന്ന ജീവാത്മാവിന് ജനനമരണങ്ങളില്ല. ഉത്തരായനത്തിലെ ദേഹവിയോഗവും ശ്രേഷ്ഠമാണ്. അതിനാൽ ഒരു യോഗിയായി ഉപാസനയിലൂടെ ഉയരുന്ന മനുഷ്യന് ഉത്തരായണത്തിൽ ദേഹവിയോഗഭാഗ്യം ലഭിക്കുകയും ആത്മാവിന് ശ്രേഷ്ഠമായ പദവിയിലെത്താനത് അനുഗ്രഹമായിത്തീരുകയും ചെയ്യുന്നു.

**9. രാജവിദ്യാരാജഗുഹ്യ യോഗം**

എല്ലാ ആത്മീയവിദ്യയും ശാസ്ത്രത്തിന്റെ സഹായത്തോടെ തന്നെ പഠിക്കണം. രാജവിദ്യാ അത്തരത്തിൽ ഏറ്റവും ശ്രേഷ്ഠമാണ്. ധാർമ്മീകബോധമില്ലാത്തവന് എന്നെ പ്രാപിക്കാനാകില്ല. ഈ പ്രപഞ്ചം മുഴുവനും എന്റെ ചൈതന്യമാണെന്നവനറിയുന്നുമില്ല. എല്ലാം എന്നിൽ നിൽക്കുമ്പോഴും ഞാനതിൽ നിൽകുന്നില്ല. (സസ്യലതാദികൾ ഭൂമിയിൽ നിലനിൽക്കുന്നുവെങ്കിലും ഭൂമി സസ്യാലതാദികളിലല്ല നിലനിൽക്കുന്നതെന്ന ഉദാഹരണം ശ്രദ്ധിക്കുക) പ്രളയകാലത്ത് എല്ലാം എന്നിൽ തന്നെ അലിയുന്നു. കൽപാരംഭത്തിൽ അവയെല്ലാം എന്നിൽ നിന്ന് പുറത്തുവരുകയും ചെയ്യുന്നു. എന്നാൽ അതൊന്നും എന്നിൽ ബന്ധിതമല്ല. ഇതെല്ലാം പ്രകൃതിയുടെ മാർഗമാണ്. എന്റെ തന്നെ അദ്ധ്യക്ഷതയിൽ പ്രകൃതിയിൽ ഈ പ്രതിഭാസങ്ങളെല്ലാം നിരന്തരം നടക്കുന്നു. സാധാരണക്കാർ എന്നെ സാധാരണ മനുഷ്യൻ മാത്രമായി കാണുന്നു. ശ്രേഷ്ഠപണ്ഡിതർ എന്നെ വ്യക്തമായി മനസ്സിലാക്കുന്നു. ചിലർ എന്നെ പഠിക്കുന്നു. ചിലർ വിവരിക്കുന്നു. ചിലർ സ്തുതിക്കുന്നു. ചിലർ യജ്ഞമായി ഉപാസിക്കുന്നു.

(ഞാൻ തന്നെ) യജ്ഞവും, അഗ്നിയും, ഔഷധിയും, മന്ത്രവും, ഹവിസും, പിതാവും, മാതാവും, പിതാമഹനും, ഓങ്കാരവും, വേദങ്ങളും, സാക്ഷിയും, പ്രഭവസ്ഥാനവും, ബീജവും, തപസ്സും, മൃത്യുവും, അമരത്വവും, യജ്ഞകർത്താവും, ഭോക്താവും, എല്ലാ ആരാധനകളുടേയും സ്വീകർത്താവും, ദേവപൂജയുടെ ഫലദാതാവുമെല്ലാം ഞാൻ തന്നെയാണ്. ഗുണദോഷങ്ങളോടൊന്നിലും ബന്ധനമില്ലാതെ കർമ്മനിരതനാകുന്ന കർമ്മയോഗിയുടെ ലക്ഷ്യസ്ഥാനവും ഞാൻ തന്നെ. എനിക്ക്

പ്രിയനൊ അപ്രിയനോ ആയിട്ടാരുമില്ല ഒന്നുമില്ല. ദുഷ്ടൻ പോലും നന്മയിലേയ്ക്കു തിരിഞ്ഞു പ്രവർത്തിക്കുമ്പോൾ എന്നിലെത്തിച്ചേരുന്നു. എന്റെ ഭക്തക്ക് ഒരിക്കലും നാശമുണ്ടാകുകയുമില്ല. എല്ലാവിഭാഗം ജനതക്കും, ജീവജാലങ്ങൾക്കുമുള്ള പരമഗതിക്കാധാരം ഞാൻ തന്നെയാണ്. മറ്റെല്ലാ പന്ഥാവുകളും ദുഷ്കരമാണെന്നതിനാൽ എന്നെ ഉപാസിച്ചാരാധിച്ച് എന്നിൽ സമർപ്പിച്ച് നിരന്തരം കർമ്മമനുഷ്ഠിക്കൂ എന്നിൽ തന്നെ എത്തിച്ചേരും! ഈ ശ്രീകൃഷ്ണ ഉപാസനയാണ് രാജവിദ്യ അഥവാ ശ്രേഷ്ഠമായ മാർഗം എന്നറിഞ്ഞാലും.

**10. വിഭൂതിയോഗം**

എന്റെ (ശ്രീകൃഷ്ണന്റെ) വിഭൂതിയെക്കുറിച്ച് അറിയുന്നവർ വളരെക്കുറവാണ്. ഞാൻ എല്ലാത്തിന്റേയും ആദിയും അന്തവുമാകുന്നു. എന്ന വ്യക്തമായിട്ടറിയുന്നവർ എല്ലാ പാപങ്ങളിൽ നിന്നും പൂർണമോചനം നേടിയിട്ടുണ്ടാകും. ബുദ്ധി, ജ്ഞാനം, ക്ഷമ, സത്യം, ശാന്തത, ഇന്ദ്രിയ സംയമം, സുഖം, ദുഃഖം, ഭയം, നിർഭയത്വം, അഹിംസ, സമത്വം, സന്തുഷ്ടി, ദാനം, കീർത്തി, യശസ്, ... എല്ലാം എന്നിലധിവസിക്കുന്നു. എന്റെ ഈ വിഭൂതി അറിയുന്നവൻ എല്ലാത്തിനും അതീതനായിത്തീരുന്നു. എല്ലാത്തിന്റേയും പ്രഭവസ്ഥാനവും പ്രവർത്തനത്തിനുള്ള ഊർജ്ജകേന്ദ്രവും ഞാനാകുന്നു എന്നറിയുകയും ചെയ്യുന്നു. ഈ പ്രപഞ്ചം തന്നെ എന്റെ പ്രദർശന പ്രഭയാണ്. എന്റെ വാസസ്ഥലമാകട്ടെ ഓരോ വ്യക്തിയുടെയും ഹൃദയസ്ഥാനവുമാണ്.

അർജ്ജുനൻ കൃഷ്ണനോടു ചോദിക്കുന്നു; അങ്ങയുടെ വിവരണാതീതമായ ആ വിഭൂതിയൊന്നു പ്രദർശിപ്പിച്ചു വിവരിച്ചു തന്നാലും എന്ന്. അതിനു മറുപടിയായി കൃഷ്ണൻ വിവരിക്കുന്നു, എല്ലാറ്റിന്റേയും ആദിയും അന്തവും ശ്രേഷ്ഠമായതെല്ലാം തന്നെയും ഞാനാകുന്നു, വിഷ്ണുവും, രവിയും, ചന്ദ്രനും, സാമവേദവും, വാസവനും, മനസും, ചേതനയും, ശങ്കരനും, യക്ഷനും, പാവകനും, മേരുപർവതവും, ബൃഹസ്പതിയും, സ്കന്ദനും, സാഗരവും, ഭൃഗുമഹർഷിയും, അക്ഷരങ്ങളിൽ ഓംകാരവും, ജപയജ്ഞവും, ഹിമാലയവും, ആൽമരവും, നാരദനും, ചിത്രരഥനെന്ന ഗന്ധർവനും, കപിലമഹർഷിയും, ഉച്ചൈശ്രവസും, ഗജേന്ദ്രനും, രാജാവും, വജ്രായുധവും, കാമധേനുവും, കാമവികാരവും, വാസുകിയും, അനന്തനാഗവും, അര്യമാവും, വായുവും, ശ്രീരാമനും, സ്രാവും, ഗംഗയും, സൃഷ്ടി-സ്ഥിതി-സംഹാരവും, മൃത്യുവും, ശ്രീയും, സ്മൃതിയും, ധൃതിയും, ക്ഷമയും, സാമവും, ഗായത്രീഛന്ദസ്സും, മാർഗശീർഷമാസവും, വസന്തകാലവും, ചൂതുകളിയും, വിജയവും, നന്മയും, ശ്രീകൃഷ്ണനും, അർജ്ജുനനും, ഉശനാകവിയും, നീതിയും, ശിക്ഷയും, ജ്ഞാനവും, സർവചരാചരങ്ങളുടേയും ബീജവും... ഞാനാകുന്നു! എന്റെ വിഭൂതികൾക്കൊരന്ത്യവുമില്ല. ശ്രേഷ്ഠത്വമുള്ള

എല്ലാത്തിലേയും ഏറ്റവും ശ്രേഷ്ഠമായത് ഞാനാണ്. മഹത്വമേറിയതിലെല്ലാത്തിലും വെച്ച് ഏറ്റവും മഹത്വമുള്ളതും ഞാനാണ്. അതെല്ലാമാണ് ഉദാഹരണത്തിനായി മേൽ സൂചിപ്പിച്ചത്. ഈ പ്രപഞ്ചം എന്നെ ആധാരമാക്കി നിലനിൽക്കുന്നു എന്നും അറിയുക. വേദങ്ങളിൽ വിവരിക്കുന്ന വിശ്വരൂപത്തെക്കുറിച്ചുള്ള വസ്തുതാപരമമായ ഉദാഹരണങ്ങളാണ് വികാര-വിചാര-ദ്രവ്യ-സ്ഥാവര-ജംഗമ-മനുഷ്യ-മൃഗ-സസ്യ-ലതാദികളുടെ ഉദാഹരണത്തിലൂടെ കൃഷ്ണൻ അർജുനന് നൽകുന്നത്.

**11. വിശ്വരൂപദർശനയോഗം**

ഈ പ്രപഞ്ചചൈതന്യത്തിനാധാരമായ സ്രോതസ്സ് താൻ സ്വയമാണെന്ന് ശ്രീകൃഷ്ണൻ വിവരിച്ചപ്പോൾ, അത്രയും മഹത്തായ പ്രപഞ്ചത്തിന്റെ യഥാർത്ഥരൂപം അകക്കണ്ണുകൊണ്ടെങ്കിലും കാണുവാൻ സാധിക്കണമെന്ന ആഗ്രഹം അർജുനൻ. ശ്രകൃഷ്ണനോടു പറഞ്ഞഭ്യർത്ഥിക്കുന്നു. കൃഷ്ണൻ അതിനു മറുപടിയായി നിന്റെ നഗ്നനേത്രങ്ങൾ കൊണ്ടു എന്റെ വിശ്വരൂപം കാണുവാൻ സാധിക്കാത്തതിനാൽ ഞാൻ നിനക്ക് ദിവ്യചക്ഷുസു നിൽകാമെന്നും അതിലൂടെ തന്റെ അതിമഹത്തായ വിശ്വരൂപം കാണുവാൻ കൃഷ്ണൻ നിർദ്ദേശിക്കുന്നു. ദൂരെ മാറി നിന്ന് സഞ്ജയനും ആ വിശ്വരൂപം കണ്ടത്ഭുതസ്തബ്ധനാകുന്നത് ധൃതരാഷ്ട്രനോടു വിവരിക്കുന്നു.

ദിവ്യമായ വിശ്വരൂപ ശരീരം, നേത്രങ്ങൾ, മുഖങ്ങൾ, ആയിരക്കണക്കിന് സൂര്യനുദിക്കുന്ന പ്രതീതി, മറ്റൊന്നിനോട് തുലനം ചെയ്യാൻ സാധിക്കാത്ത രൂപം കണ്ട് അത്ഭുത സ്തബ്ധനായി അർജ്ജുനൻ കൃഷ്ണന്റെ വിശ്വരൂപത്തെ പ്രകീർത്തിക്കുന്നു. വിശ്വരൂപത്തിൽ, അർജുനന് കാണുവാൻ സാധിച്ച രൂപങ്ങളും, ഭാവങ്ങളും, അനന്തതയും, വ്യാപ്തിയും, പ്രകാശവും, ശബ്ദവും, ഉഗ്രരൂപവും, ദേവന്മാർ കൈകൂപ്പി നിൽക്കുന്നതും, എല്ലാം എല്ലാം തന്നെ അർജ്ജുനൻ പ്രാർത്ഥനാരൂപത്തിൽ വിവരിക്കുന്നു. വിശ്വരൂപത്തിലുള്ള ദംഷ്ട്രവും, നിറങ്ങളും ഭൂമിയിലുള്ള എല്ലാം തന്നെയും, ജനനമരണപ്രക്രിയയും, അതേ വിശ്വരൂപശരീരത്തിൽ പാണ്ഡവരേയും, കൗരവരേയും, യുദ്ധക്ഷേത്രവുമെല്ലാം അർജുനൻ ഭയഭീതിയോടെ കാണുന്നു. കൈകൂപ്പി നിന്ന് വിശ്വരൂപത്തിലുള്ള കൃഷ്ണനോട് പ്രാർത്ഥിക്കുന്നു. അനുഗ്രഹിക്കാനായി അപേക്ഷിക്കുന്നു.

ഇതുകേട്ട് വിശ്വരൂപ കൃഷ്ണൻ വിവരിക്കുന്നു, ഞാനാണ് കാലം, ലോകത്തിന്റെ സൃഷ്ടിസ്ഥിതി സംഹാരത്തിന്നാധാരമായ ശക്തി. കാലം എല്ലാവരേയും അതാതു സമയത്ത് നശിപ്പിക്കുകയും പുനർസൃഷ്ടിക്കുകയും ചെയ്യുന്നു. അതുകൊണ്ട് എഴുന്നേറ്റു നിന്ന് ധീരനായ അർജ്ജുനാ നീ നിന്റെ കർമ്മമനുഷ്ഠിക്കൂ എന്ന് നിർദ്ദേശിക്കുന്നു. കാലത്തിന്റെ ഈ രൂപഭാവങ്ങൾ കണ്ട് അർജുനാ നീ ഭയപ്പെടേണ്ടതില്ല, എന്നും നിർദ്ദേശിക്കുന്നു. ഉപാധികളില്ലാതെ അർജ്ജുനൻ കൃഷ്ണനു കീഴടങ്ങി കരഞ്ഞുകൊണ്ട് പ്രാർത്ഥിക്കുന്നു.

കൃഷ്ണാ നിന്റെ മഹത്വമൊന്നുമറിയാതെ ഞാൻ നിന്നെ കൃഷ്ണാ സുഹൃത്തേ, യാദവാ എന്നെല്ലാം വിളിച്ചു. നീയാണ് ലോകത്തിന്റെ നിലനിൽപിന്നാധാരമായ പിതാവെന്നു ഞാനറിഞ്ഞില്ല. എന്നോട് ക്ഷമിക്കേണമേ! ഈ ഭയാനകമായ രൂപം കണ്ടു നിൽക്കുവാൻ ഞാൻ അശക്തനായതിനാൽ നിന്റെ ശാന്തമായ ചതുർഭുജരൂപം കാണിച്ചു തന്ന് എന്നെ അനുഗ്രഹിക്കേണമേ എന്നു പ്രാർത്ഥിക്കുന്നു. ഭയചകിതനായി നിൽക്കുന്ന അർജ്ജുനന് വിശ്വരൂപത്തിൽ നിന്ന് ശംഖചക്രഗദാധാരിയുടെ രൂപവും കാണിച്ചുകൊടുക്കുന്നു. ഈ രണ്ടു രൂപങ്ങളും ഒരു പുണ്യാത്മാവിനുപോലും ഒരു മാർഗത്തിലൂടെയും കാണുവാൻ സാധിക്കുകയില്ലെന്നും കൃഷ്ണൻ ഓർമ്മിപ്പിക്കുന്നു. അതിനാൽ കർമ്മബന്ധനമില്ലാതെ കർമ്മമനുഷ്ഠിച്ച് എന്നിലേക്ക് വന്നു ചേരുക എന്നും കൽപിക്കുന്നു.

(പ്രപഞ്ച ചൈതന്യത്തെത്തന്നെ ഈശ്വരനായി കാണുവാൻ സാധിക്കുന്ന ഒരേ ഒരു വീക്ഷണം ഭാരതീയരുടേതുമാത്രമാണ്. അതിനെ ശാസ്ത്രലോകം വ്യക്തമായിട്ടംഗീകരിക്കുകയും ചെയ്യുന്നു എന്നത് ആത്മാഭിമാനകരമാണ്.)

**12. ഭക്തിയോഗം**

പരബ്രഹ്മചൈതന്യത്തെ ആരാധിച്ചുപാസിക്കുന്ന ഭക്തനാണോ ശ്രേഷ്ഠൻ അഥവാ കൃഷ്ണാ നിന്നെത്തന്നെ ഭക്തിയോടെ ആരാധിക്കുന്ന വ്യക്തിയാണോ ശ്രേഷ്ഠനായ ഭക്തൻ എന്ന അർജ്ജുനന്റെ ചോദ്യത്തിന് കൃഷ്ണൻ മറുപടി പറയുന്നു. പരമാത്മ ചൈതന്യം അവ്യക്തവും അചിന്ത്യവുമായതിനാൽ സാധാരണക്കാർക്ക് ഉപാസിക്കാനാകില്ല. എന്നാൽ എന്റെ വ്യക്തമായ രൂപഭാവ ഉപാസന കാഠിന്യമുള്ളതല്ല. അതിനാൽ ക്ലേശരഹിതമായ മാർഗമാണ് സാധാരണക്കാർക്ക് എളുപ്പമായി ഭവിക്കുന്നത്. അതിനാൽ ശ്രീകൃഷ്ണ ഉപാസന തന്നെയാണ് ശ്രേഷ്ഠം.

എല്ലാ കർമ്മങ്ങളും എന്നിലർപ്പിച്ചുകൊണ്ടു കർമ്മനിരതനാകാൻ എളുപ്പമെന്നു മാത്രമല്ല, ഞാൻ എന്റെ ഭക്തനെ ഉദ്ധരിക്കുകയും ചെയ്യും. എന്നിൽ മനസ് സമർപ്പിച്ച്, എന്നെ ധ്യാനിച്ച്, എന്നിൽ നിവസിച്ച് നിരന്തരമായ അഭ്യാസം കൊണ്ട് എന്നിലേക്കുവരാനുള്ള വഴി ഭക്തന് എളുപ്പമായിത്തീരുന്നതിനാൽ അതു പിന്തുടരുകയാണ് ശ്രേഷ്ഠമാർഗം.

എന്റെ കർമ്മം തന്നെ നിരന്തരം ചെയ്യുന്നവനും എന്നിലെത്തുന്നു. ജ്ഞാനം ധ്യാനത്തേക്കാൾ ശ്രേഷ്ഠമാണ്, ഏറ്റവും ശ്രേഷ്ഠമാണ് കർമ്മഫലത്യാഗം, കാരണം അതിലൂടെ അനന്തമായ ശാന്തിലഭിക്കുന്നു. എന്റേതെന്ന ഭാവമില്ലാതെ, അഹങ്കാരമില്ലാതെ, സുഖദുഃഖങ്ങളെ തുല്യമായി കണ്ട്, സ്ഥിരമായ സന്തോഷത്തോടെ ദൃഢചിത്തനായി എന്നിൽ മന

സ്സർപ്പിച്ച് നിലനിൽക്കുന്നവൻ എനിക്കു പ്രിയപ്പെട്ടവനാണ്. അവന് ജീവിതത്തിലെ നന്മതിന്മകൾ, സുഖദുഃഖങ്ങളുണ്ടാക്കുന്നില്ല. അവന് സുഖവും ദുഃഖവും, ശത്രുവും മിത്രവും, സ്തുതിയും നിന്ദയും, ചൂടും തണുപ്പും, ഉയർച്ചയും താഴ്ചയുമെല്ലാം ഒരേ പോലെയായിത്തീരുന്നു. എന്റെ ഭക്തനായവൻ ഈ നിലയിലേക്കുയരുന്നു.

(ഒരു മാതൃകാഭക്തന്റെ നിലവാരത്തെയാണ് കൃഷ്ണൻ ഇവിടെ വിവരിക്കുന്നത്. ആ ഭക്തന് ലഭിക്കുന്ന ശ്രേഷ്ഠമായ അനുഭൂതിയും വ്യക്തമായിത്തന്നെ കൃഷ്ണവിവരണങ്ങളിലുണ്ട്.)

**13. ക്ഷേത്ര ക്ഷേത്രജ്ഞ വിഭാഗയോഗം**

ശരീരമാണ് ക്ഷേത്രമെന്നും, എല്ലാ ശരീരത്തിലും നിലനിൽക്കുന്ന ചൈതന്യം താൻ തന്നെയാണെന്നും കൃഷ്ണൻ വിവരിക്കുന്നു. ആ ചൈതന്യമാണ് ക്ഷേത്രജ്ഞനെന്നറിയപ്പെടുന്നതും. ഈ ക്ഷേത്രജ്ഞ വിവരണം വേദത്തിലും ബ്രഹ്മസൂത്രത്തിലുമുണ്ട്. ക്ഷേത്രമാകട്ടെ വികാരവിചാരങ്ങളുൾക്കൊള്ളുന്ന പഞ്ചഭൂതങ്ങളും, പഞ്ചജ്ഞാനേന്ദ്രിയങ്ങളും, പഞ്ചകർമ്മേന്ദ്രിയങ്ങളും, അവയുടെ പഞ്ചകർമ്മങ്ങളും ചേർന്നതാണ്. അഹങ്കാരമില്ലായ്മ, നിസ്വാർത്ഥത, അഹിംസ, ക്ഷമ, കുടിലതയില്ലായ്മ, ഇന്ദ്രിയനിഗ്രഹം, മനോനിയന്ത്രണം, ബന്ധനമില്ലായ്മ, അഹംഭാവമില്ലായ്മ, നന്മയോടുള്ള ബന്ധം, സംസാരസാഗരത്തിലെ വേദന-ദുഃഖം-പ്രശ്നങ്ങൾ ഇവ തിരിച്ചറിയൽ, എന്റേതെന്ന ഭാവമില്ലായ്മ, സമചിത്തത, തുല്യത, ഭക്തി, ആത്മീയത, ജ്ഞാനം, സത്യം, ധർമ്മം, നീതി, ന്യായം,... ഇവ ഓരോ വ്യക്തിയിലുമുണ്ടായിരിക്കണം.

പരബ്രഹ്മ/പരമാർത്ഥ ചൈതന്യത്തെക്കുറിച്ച് കൃഷ്ണൻ വിവരിക്കുന്നു. അത് സർവയിടത്തും വ്യാപിച്ചുകിടക്കുന്നു. സർവതിനേയും കാണുവാനും കേൾക്കുവാനും സാധിക്കുന്നു. എല്ലാത്തിലും വ്യാപിച്ചുകിടക്കുന്നു. ആദിയും അന്തവുമില്ലാത്ത, നന്മതിന്മകൾ തീണ്ടാത്തതായ, ഇന്ദ്രിയങ്ങളില്ലാത്ത, അവ്യക്തമായ, ചിന്താതീതമായ, അകത്തും പുറത്തും നിറഞ്ഞിരിക്കുന്ന, വിഭജിക്കാനാകാത്ത, വേർതിരിക്കാനാകാത്ത, ബ്രഹ്മാ-വിഷ്ണു-ശിവ ചൈതന്യങ്ങൾക്കാധാരമായ, മായാതീതമായ, പ്രകാശപൂർണമായ, പരമജ്ഞാനിക്ക് മാത്രം തിരിച്ചറിയാനാകുന്ന... മനസ്സിലാക്കിയാലും മനസ്സിലാകാൻ വിഷമമുള്ള ആ ചൈതന്യമാണ് പരമാത്മ-പരബ്രഹ്മ ചൈതന്യം അത് ശരീരമാകുന്ന ക്ഷേത്രത്തെ നിരന്തരം ചലനോന്മുഖമാക്കുന്നു.

ശരീരഘടകങ്ങളായ പ്രകൃതികർമ്മനിരതമാകുന്നു. ആത്മചൈതന്യം സ്വബോധത്തോടെയും പ്രജ്ഞാനത്തോടെയും (consciousness and awareness) ശരീരത്തെ പ്രവർത്തിപ്പിക്കുന്നു.

ജീവാത്മാവ് പരമാത്മാവിന്റെ തന്നെ ഭാഗമാണ്. അത് സാക്ഷീഭാവത്തിൽ

ഓരോ ശരീരത്തിലും നിലനിൽക്കുന്നു. അതാണ് ശരീരത്തിന് മാർഗ ദർശിയും നിലനിൽപ്പിന്നാധാരവും, ശരീരത്തിന്റെ സത്തുമായിട്ടുള്ളതും, ഈ ചൈതന്യത്തെ പ്രപഞ്ച പുരുഷ ചൈതന്യമായും നിർവചിക്കാറു ണ്ട്. അത് ഹൃദയമണ്ഡലത്തിലധിവസിക്കുന്നതായി ചിലരറിയുന്നു. എന്നാൽ മഹത്തായ ഈ ശാസ്ത്രസത്യം മനസിലാക്കണം; പ്രകൃതി യുടേയും പ്രപഞ്ചപുരുഷ ചൈതന്യത്തിന്റേയും സമഞ്ചസമായ ഏക ത്വത്തിലാണ്, ചരാചരങ്ങൾ നിലനിൽക്കുന്നത് എന്ന്. ഈ ചൈതന്യം എല്ലാവരിലും ഒരേ പോലെ നിലകൊള്ളുന്നു. പ്രകൃതിയുടേയും പ്രപ ഞ്ചപുരുഷന്റേയും സമഗ്രജ്ഞാനം ലഭിച്ചവനാണ് യഥാർത്ഥ ജ്ഞാനി യെന്നറിയണം.

പരമാത്മ ചൈതന്യം യഥാർത്ഥത്തിൽ ഒരു പ്രവർത്തിയും/ കർമ്മവും ചെയ്യുന്നില്ല. അതിന്റെ സാന്നിദ്ധ്യം അഥവാ സാക്ഷീഭാവത്തിലുള്ള സ്ഥാനം തന്നെ ശരീര ഇന്ദ്രിയങ്ങളെ കർമ്മത്തിന് (പ്രവർത്തനത്തിന്) വിധേയമാക്കുന്നു.

പരബ്രഹ്മ/പരമാത്മ/പ്രപഞ്ച പുരുഷ ചൈതന്യം എങ്ങിനെയാണോ ഈ പ്രപഞ്ചത്തെ പ്രകാശിപ്പിച്ച് ചൈതന്യവത്താക്കുന്നത്, അതുപോലെ ജീവാത്മ ചൈതന്യം ശരീരത്തേയും പ്രകാശമാനമാക്കി കർമ്മനിരത മാക്കുന്നു. കോടാനുകോടി സൂര്യന്മാർ എങ്ങിനെയാണോ പ്രപഞ്ചത്തെ പ്രകാശമാനമാക്കുന്നത് അതുപോലെ തന്നെ ആത്മചൈതന്യവും ഈ ക്ഷേത്രമാകുന്ന ശരീരത്തെ പ്രകാശപൂരിതമാക്കുന്നു. (ഈ ശരീരം മദ്യ വും, മാംസവും, ലഹരി പദാർത്ഥങ്ങളും കൊണ്ട് മലിനമാക്കരുത്. അത് ധർമ്മമായി കർമ്മമനുഷ്ഠിക്കുവാനുള്ള ഉപകരണമാണ് എന്നറിയണം)

**14. ഗുണത്രയവിഭാഗയോഗം**

ഈ പ്രകൃതി മാതാവായും ഞാൻ എല്ലാ ചരാചരങ്ങളുടേയും പിതൃ സ്ഥാനീയനായും നിലകൊള്ളുന്നു. ഈ പ്രപഞ്ചത്തിലുള്ള ഓരോ ന്നിലും സ്വതസിദ്ധമായ മൂന്നു ഗുണങ്ങൾ; സത്വഗുണം, രജോഗുണം തമോഗുണം ഉണ്ട്. അത് പ്രകൃതിയുടെ എട്ടുഘടകങ്ങളോടെ അടി സ്ഥാനത്തിലാണു ദയം ചെയ്യുന്നതും നിലകൊള്ളുന്നതും.

ഇതിൽ സത്വഗുണം ശ്രേഷ്ഠവും, സന്തോഷം, സംതൃപ്തി തുടങ്ങിയ നന്മ നിറഞ്ഞ വികാരങ്ങൾക്കാധാരവുമാണ്. എന്നാൽ രജോഗുണമാ കട്ടെ മധ്യമവും ആഗ്രഹം, ഇച്ഛാശക്തി, ബന്ധനം, വെല്ലുവിളി, ധീരത എന്നിവക്ക് കാരണമാകുന്നതുമാണ്. തമോഗുണമാകട്ടെ അജ്ഞതയും, സ്വാർത്ഥതയും, തിന്മയും, ആലസ്യവും, പ്രദാനം ചെയ്യുന്നതാണ്. സത്വ ഗുണം സന്തോഷത്തിനും രജസ് കർമ്മനിരതത്വത്തിനും, തമസ് തെറ്റു കൾക്കും കാരണമാകുന്നു. രജസ് അത്യാഗ്രഹത്തിനും, സ്വാർത്ഥത ക്കും, അശ്രാന്ത പരിശ്രമത്തിൽ, സന്തോഷത്തിനുള്ള പരക്കം പാച്ചി ലിനും കാരണമാകുന്നു. ത്രിഗുണങ്ങളിൽ ഏതൊന്നിന്റെയാണോ ആധി

പത്യമുള്ളത് അയാൾ. ദേഹവിയോഗം ചെയ്യുമ്പോൾ അതിനനുസരിച്ചുള്ള പുനർജന്മമായിരിക്കും (അയാൾക്ക്) ലഭിക്കുന്നത്. സത്വഗുണം ഉയർച്ചക്കും, രജോഗുണം അതേ അവസ്ഥക്കും തമോഗുണം അധഃപതനത്തിനും കാരണമായിത്തീരുന്നു.

ആർക്കാണോ ഇഷ്ടാനിഷ്ടങ്ങളില്ലാത്തത്. ആകർഷണ വികർഷണങ്ങളില്ലാത്തത്, ഭേദഭാവങ്ങളില്ലാത്തത്, സമചിത്തതയുള്ളത് അവർ ഗുണാതീതന്മാരാണ്. മൂന്നുഗുണങ്ങൾക്കും അതീതരാണവർ അവർ ഈശ്വരാംശമെന്ന ബോധത്തിൽ സംതൃപ്തിയോടെ തന്നെ ജീവിക്കുന്നു. അവർക്ക് മാനാപമാനങ്ങളും, ശീത ഉഷ്ണവും, സ്തുതിനിന്ദയും, കർമ്മകർതൃഭാവവും, ഒന്നും ഇല്ലതന്നെ. അവർ ആത്മാഭിമാനത്തോടെ ആത്മജ്ഞാനിയായി പരമാനന്ദത്തോടെ ജീവിക്കുകയും ജീവിതത്തെ അഭിമുഖീകരിക്കുകയും ചെയ്ത് അന്ത്യത്തിൽ എന്നിൽതന്നെ എത്തിച്ചേരുന്നു.

(ലോകത്തിൽ നിലനിൽക്കുന്ന ഏതൊന്നിലും, സസ്യലതാദികളിലും, മൃഗങ്ങളിലും, മണ്ണിലും, വായുവിലും, ജലത്തിലും, ഔഷധത്തിലും എല്ലാമെല്ലാം ഈ മൂന്നു വിഭാഗത്തിൽപെടുന്നവയാണുള്ളത്. അതായത് സാത്വീകമായ മൃഗം (പശു) രാജസീകമൃഗം (നായ) താമസീക മൃഗം (കഴുതപ്പുലി) എന്നതു പോലെ താരതമ്യം ചെയ്യുക.)

**15. പുരുഷോത്തമയോഗം**

മനുഷ്യലോകത്തിൽ (ജീവിതത്തിൽ) ബന്ധനമുണ്ടാക്കുന്നതെന്തെല്ലാമാണോ അതിനെ നിസ്സംഗതയാകുന്ന ആയുധത്തിൽ മുറിച്ചു മാറ്റി ബന്ധം നിലനിർത്തി ബന്ധനത്തെ ഇല്ലാതാക്കി നിരന്തരം ആത്മീയമായി ഉയരണം, വളരണം, ഉണരണം. ഈ വളർച്ചക്ക് കർമ്മത്തോടുള്ള ബന്ധനം തടസ്സമാകരുത്. ഉപനിഷത്തുക്കൾ വിവരിക്കുന്ന പരമമായ ചൈതന്യമാകുന്ന ജീവാത്മപരമാത്മാവിനെക്കുറിച്ച് കൃഷ്ണൻ വീണ്ടും വീണ്ടും വിവരിച്ചുകൊടുക്കുന്നു. അതു തന്റെ അംശം തന്നെയാണെന്ന് വർണ്ണിക്കുന്നു. ജീവാത്മാവ് കർമ്മഫലത്തെ പുതിയ ശരീരത്തിലേക്ക്, മരണശേഷം, നയിക്കുന്നത് ഗന്ധമുള്ള തന്മാത്രകളെ വായു വഹിക്കുന്നതു പോലെയാണ്. ജീവാത്മാവിനെക്കുറിച്ച് അജ്ഞർകാര്യമായിട്ടറിയുന്നില്ല. സൂര്യചന്ദ്രന്മാരിലുള്ള പ്രകാശം പോലെ ജീവാത്മ പരമാത്മ ചൈതന്യം എന്നിൽ പ്രകാശിക്കുന്നു. നശിക്കുന്നതും നശിക്കാത്തതുമായ എല്ലാംതന്നെ എന്നിലാധാരമായി നിലനിൽക്കുന്നു. എല്ലാത്തിന്റേയും ശരീരം നശിക്കുന്നതും ആത്മചൈതന്യം നശിക്കാത്തതുമാകുന്നു. പരമാത്മചൈതന്യവും പരമപുരുഷചൈതന്യവും എല്ലാം എന്നിൽ തന്നെ നിലകൊള്ളുന്നു. അതിനാൽ പുരുഷോത്തമനായി ഞാൻ നിലകൊള്ളുന്നു. മറ്റൊർത്ഥത്തിൽ എന്നെ വെറും മനുഷ്യനായി

മാത്രം കാണാൻ ആഗ്രഹിക്കുന്നവർക്കുപോലും ഞാൻ ഉത്തമനായ ഒരു പുരുഷനായി കണ്ട് ആരാധിക്കാനാകും. അതാണ് പുരുഷോത്തമ യോഗം.

**16. ദൈവാസുര സമ്പദ് വിഭാഗയോഗം**

ഓരോ മനുഷ്യനും ആവശ്യമുള്ള ഗുണവിശേഷങ്ങൾ കൃഷ്ണൻ വിവരിക്കുന്നു. നിർഭയത്വം, മനഃശുദ്ധി, ധ്യാനപരിശീലനം, ഇന്ദ്രിയനിയന്ത്രണം, ദേവപൂജ, മുതിർന്നവരോടുള്ള ആദരവ്, വേദപഠനം, സേവനം, പരസഹായം, നിശ്ചയദാർഢ്യം, അഹിംസ, സത്യസന്ധത, വാക്ശുദ്ധി, ദേഷ്യമില്ലായ്മ, കർമ്മനിരതത്വം, അഹങ്കാരമില്ലായ്മ, ക്ഷമ, ക്ഷമിക്കുവാനുള്ള മനസ്, പരിശുദ്ധി, ശത്രുതയില്ലായ്മ... എന്നീ ഈശ്വരഗുണങ്ങളുള്ള വ്യക്തികളാണ് ഈശ്വരീയ ഗുണമുള്ളവരായി സാത്വീകരായി വിവരിക്കപ്പെടുന്നത്. ഇത് മോചനത്തിന് കാരണമായിത്തീരുന്നു.

ആസുരീകഗുണം (ദോഷം) ഉള്ളവർ സ്വാർത്ഥത, വെറുപ്പ്, ദേഷ്യം, അഹംഭാവം, അജ്ഞത, പാരുഷ്യം എന്നിവയുടെ മൂർത്തിമത് ഭാവമായിരിക്കും. ഇത് ബന്ധനത്തിന് കാരണമായിത്തീരുന്നു. ഇവർ രണ്ടാമത്തെ വിഭാഗത്തിൽപ്പെടുന്നു. ശരിയും തെറ്റും ഇവർക്കജ്ഞാതമാണ്. ആസുരീകസ്വഭാവദോഷവുള്ളവർക്ക്, സത്യം, ധർമ്മം, ഈശ്വരഭക്തി, എന്നുള്ളതൊന്നുമുണ്ടാകില്ല. അവർ ദാർഷ്ട്യത്തോടെ പറയും മനുഷ്യന്റെ ആവശ്യം മാത്രമാണ് ഈ ലോകത്തിൽ പ്രാധാന്യമായിട്ടുള്ളത്. വൈരുദ്ധ്യാധിഷ്ഠിത ഭൗതീകവാദത്തിൽ നിന്നാണിതെല്ലാം ഉത്ഭവിക്കുന്നത്. നശീകരണ മനോഭാവം, അത്യാഗ്രഹം, മൂഢമായ മുദ്രാവാക്യം, അജ്ഞത, ദുഃസ്വഭാവം, അഹങ്കാരം, ദാർഷ്ട്യം, വെറുപ്പ്, ആഡംബരപ്രിയത്വം, അത്യാഗ്രഹം, ദേഷ്യം, ഞാൻ, എന്റെ, എനിക്ക്, എന്നതിൽ മാത്രമുള്ള ശ്രദ്ധ, അധികാരവെറി, പ്രദർശനാത്മക പ്രവർത്തികൾ, നിരീശ്വരവാദം, ക്രൂരത, ഇതെല്ലാം താമസിക ദോഷം അഥവാ ആസുരിക സ്വഭാവമുള്ളവരുടെ ദോഷവിശേഷങ്ങളാണ്.

നിരകത്തിലേക്ക് പ്രയാണം ചെയ്യുന്നവർ അത്യാഗ്രഹം, ദേഷ്യം, പിശുക്ക് ഈ മൂന്നു വാതിലുകളിലൂടെ പ്രയാണം ചെയ്തവരായിരിക്കും. ഈ താമസീക ദോഷമുള്ളവർ നന്മയിലേക്ക് തിരിയുകയില്ല തന്നെ.

നമ്മുടെ ജീവിതത്തിൽ മേൽവിവരിച്ച തമോദോഷങ്ങളുണ്ടാകാതിരിക്കാനും സാത്വീകഗുണങ്ങളുണ്ടാക്കാനും ശ്രദ്ധിക്കണം. അതാണ് ഭഗവദ്ഗീത നിത്യജീവിതത്തിൽ പ്രയോഗിക്കാനാഗ്രഹിക്കുന്നവരുടെ മാർഗവും ലക്ഷ്യവും.

**17. ശ്രദ്ധാത്രയവിഭാഗയോഗം**

ഓരോ വ്യക്തിയും, അവനുമായി ബന്ധപ്പെട്ട വികാരവിചാരങ്ങളും, കർമ്മങ്ങളും എപ്രകാരമുള്ളതായിരിക്കണമെന്നും, ശാസ്ത്രവിധിപ്രകാരം ഒരു

വ്യക്തിക്കുണ്ടായിരിക്കേണ്ടതായ നിഷ്ഠ എന്തായിരിക്കണമെന്നും അർജ്ജുനൻ ചോദിച്ച ചോദ്യത്തിന് കൃഷ്ണൻ മറുപടി പറയുന്നു.

പല വ്യക്തികളുടേയും ശ്രദ്ധ സാത്വികമായും, രാജസീകമായും, താമസീകമായും മൂന്നുവിധത്തിലുണ്ട്. അതുപോലെ ഭക്തിയും, തപസ്സും, ആഹാരവും, യജ്ഞവും, വാക്കുകളും, മനസ്സും, ദാനവും,... എല്ലാം സാത്വീകമായിട്ടുള്ളതുമുണ്ട്, രാജസീകമായിട്ടുള്ളതുമുണ്ട് അതുപോലെ താമസീകമായിട്ടുള്ളതുമുണ്ട്. ഈ മൂന്നു വിധത്തിൽപ്പെടുന്നവരിൽ ഓരോരുത്തർക്കും അതിന്റേതായ പ്രത്യേകതകളും ഗുണദോഷഫലങ്ങളും പരിണതഫലങ്ങളും ശ്രീകൃഷ്ണൻ വിവരിക്കുന്നുണ്ട്. ഇവയിലോരോന്നും ജീവിതത്തിൽ പ്രയോഗിക്കുമ്പോഴുണ്ടാകുന്ന നന്മതിന്മകളും വിവരണങ്ങളിൽപ്പെടുന്നു.

(ഇതിൽ നമുക്ക് കൂടുതൽ സാത്വീകനന്മകളുണ്ടായിരിക്കണം, കുറച്ച് രാജസീകതയും അൽപം മാത്രം താമസീകതയും വേണം. ഏതാണ്ട് 5 : 3:1 എന്ന ക്രമത്തിലായിരിക്കണമതെന്നുമാത്രം.)

**18. മോക്ഷസന്ന്യാസയോഗം**

സന്ന്യാസമെന്നാൽ എന്താണെന്നറിഞ്ഞാൽ കൊള്ളാമെന്ന അർജ്ജുനന്റെ അഭ്യർത്ഥനയനുസരിച്ച് കൃഷ്ണൻ സന്ന്യാസത്തെക്കുറിച്ച് വിവരിക്കുന്നു. സന്ന്യാസത്തെ രണ്ടുവിധത്തിൽ നിർവചിക്കുന്നവരുണ്ട്. എല്ലാ കർമ്മങ്ങളും ഉപേക്ഷിക്കുകയോ അഥവാ കർമ്മം നിരന്തരം ചെയ്ത് കർമ്മഫലങ്ങൾ ത്യജിക്കുകയോ ചെയ്യുന്നത് സന്ന്യാസമത്രെ. അങ്ങിനെ രണ്ടുപക്ഷമുണ്ടാകാൻ അതിന്റേതായ കാരണങ്ങളുണ്ട്. എന്നാൽ യഥാർത്ഥ സന്ന്യാസവും ത്യാഗവും വ്യക്തമായിട്ടറിയേണ്ടതാണ്. ഏതു തരം കർമ്മത്യാഗവും, കർമ്മഫലത്യാഗവും തന്നെ ബന്ധനമില്ലാതെ ചെയ്യണം. സ്വധർമ്മം ഒരിക്കലും ത്യജിക്കരുത്. ത്യജിക്കുന്നത് ആലസ്യം കൊണ്ടോ സ്വാർത്ഥതകൊണ്ടോ ആകരുത്. കർമ്മം ത്യജിക്കുന്നതിനേക്കാൾ സന്ന്യാസിക്ക് കർമ്മഫലം ത്യജിക്കലാണുത്തമമാർഗം.

കർമ്മവും, കർമ്മഫലങ്ങളും സത്വം, രജസ് തമസ് എന്നിപ്രകാരമുണ്ട്. ഞാനാണ് ഈ കർമ്മങ്ങൾ ചെയ്യുന്നതെന്ന ഭാവമില്ലാതെ മനസ്-വാക്-ശരീരം കൊണ്ടെല്ലാം ചെയ്യുന്ന കർമ്മങ്ങൾ സാത്വീകമായും ത്യാഗപൂർണമായുമിരിക്കണം.

കർമ്മം, അതു ചെയ്യുവാനുള്ള അറിവ്, അതു ചെയ്യുവാനുള്ള അഭിവാഞ്ഛ, കർമ്മം ചെയ്യുന്ന രീതി, കർത്താവ്, ഇതെല്ലാം സാത്വീകമായി നിലനിൽക്കുമ്പോൾ അത് സാത്വീക സന്ന്യാസമായിത്തീരുന്നു. അവയെല്ലാം രാജസീകവും താമസീകവുമായിത്തീരുമ്പോൾ ആ സന്ന്യാസം ചൈതന്യഹീനമായിത്തീരുന്നു. അതിഗഹനമായ വിധത്തിൽ കർമ്മം,

കർത്താവ്, ക്രിയ, കർമ്മഫലം, കർമ്മഫലത്യാഗം അതിന്റെ ഗുണദോഷങ്ങൾ, എന്നിവയെല്ലാം ശ്രീകൃഷ്ണൻ പദാനുപദം ഈ അദ്ധ്യായത്തിൽ വിവരിക്കുന്നു.

സാത്വീക-രാജസീക-താമസികമായ അറിവ്, കർമ്മം, കർത്താവ്, ബുദ്ധി, തീരുമാനം, വിവേകം, നിശ്ചദാർഢ്യം, ധൃതി, സന്തോഷം, പ്രകൃതി, മനസ്, ഔദ്യോഗിക ദൗത്യം എന്നിവ വിവരിക്കുന്നു. അതായത് മേൽ വിവരിച്ചതോരോന്നും സാത്വീകമായും, രാജസീകമായും താമസീകമായും അതാതു ഗുണങ്ങൾ (ദോഷങ്ങൾ) ഉള്ള വ്യക്തികളിൽ പ്രകടമാകുന്നു എന്നതാണ് വിവരണത്തിന്റെ കാതലായ സന്ദേശം!

മേൽ വിവരിച്ചതെല്ലാം സാത്വീകഭാവത്തിലേക്കുയർത്തിയാൽ കൃഷ്ണനിലേക്കുള്ള പ്രയാണം വളരെ എളുപ്പമായിത്തീരുന്നു. അവയ്ക്കു കൃഷ്ണന്റെ പൂർണാനുഗ്രഹവുമുണ്ടായിരിക്കും. ഹേ അർജ്ജുനാ! നീയും ക്ഷത്രിയധർമ്മം അനുഷ്ഠിച്ച് ഈ രാഷ്ട്രത്തിൽ ധർമ്മം സ്ഥാപിക്കേണ്ട ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടതാണ്. സ്വയം അതു ചെയ്തില്ലെങ്കിൽ ചുറ്റുപാടുകൾ നിന്നെ കൊണ്ടതു ചെയ്യിപ്പിക്കുമെന്നറിയുക. സ്വധർമ്മത്തിൽ നിന്ന് നിനക്ക് ഒളിച്ചോടാനാകില്ല. ഈ യുദ്ധം പോലും ഈശ്വരാരാധനയായിട്ടനുഷ്ഠിക്കുക. ഈശ്വരൻ നിന്റെ ഹൃദയത്തിലാണുള്ളതെന്നറിഞ്ഞ് കർമ്മനിരതനാകുക. ഇപ്പോൾ മറ്റെല്ലാ ചിന്തകളും ഉപേക്ഷിക്കുക! ഞാൻ നിർദ്ദേശിക്കുന്നതുപോലെ നിന്റെ ധർമ്മം കുരുക്ഷേത്ര ഭൂമിയിലനുഷ്ഠിക്കുക. നിനക്ക് പാപഭാരം ഏൽക്കേണ്ടി വരികയില്ല തന്നെ. ഞാൻ നിന്നെ പാപമേൽക്കാത്ത വിധത്തിൽ നയിച്ചുകൊള്ളാമെന്നും സത്യം ചെയ്യുന്നു.

(ഈ ഭഗവദ്ഗീത ശ്രദ്ധയോടെ പഠിച്ച് നമ്മൾ നമ്മുടെ കർമ്മമണ്ഡലത്തിൽ പ്രയോഗിക്കുകയും വേണം. ശ്രീകൃഷ്ണന്റെ ശക്തവും, യുക്തിസഹജവും, ധർമ്മാധിഷ്ഠിതവും, ഭക്തി-ജ്ഞാനം-കർമ്മമാർഗം അടങ്ങിയ നിർദ്ദേശങ്ങളും അണുവിട വ്യത്യാസപ്പെടാതെ ധീരതയോടെ, സംശയവും തളർച്ചയുമില്ലാതെ അർജ്ജുനൻ കർമ്മധർമ്മക്ഷേത്രമായ കുരുക്ഷേത്രത്തിലിറങ്ങി എന്ന് സഞ്ജയൻ ധൃതരാഷ്ട്രരോട് അത്യത്ഭുതത്തോടെ വിവരിച്ചിരിക്കുന്നു.)

(ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന വിവരണങ്ങളൊഴികെ ബാക്കിയുള്ളതെല്ലാം ഭഗവദ്ഗീതയിലെതന്നെ സന്ദേശങ്ങളാണ്. അത് എന്റേതായ സന്ദേശമോ, നിർദ്ദേശമോ, വ്യാഖ്യാനമോ അല്ല. ഞാൻ എന്റേതായി എഴുതിയിരിക്കുന്നത് മാത്രമാണ് ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്നത് മാത്രമാണ് ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്നത്. വീണ്ടും എഴുതട്ടെ മറ്റെല്ലാം ശ്രീകൃഷ്ണന്റേതോ, സഞ്ജയന്റേതോ, അർജ്ജുനന്റേതോ അല്ല വിവരണമോ ചോദ്യമോ ആണെന്ന് പ്രത്യേകം ഓർമ്മിക്കുക)

## ശ്രീകൃഷ്ണ സന്ദേശം

ഭഗവദ്ഗീത മനസ്സിലാക്കാൻ എളുപ്പമാണ്. അത്യഗാധമായ വ്യാഖ്യാനങ്ങളാവശ്യമില്ല. ഗീതയിൽ വിവിധ ജ്ഞാനവിജ്ഞാനവിഷയങ്ങളുണ്ട്. എല്ലാവിഭാഗം ജനതക്കുമുള്ള മാർഗദർശനമാണത്. ജാതിയും മതവും ഇസവും ഗീതാപഠനത്തിന് തടസ്സമല്ല. ഗീതയിൽ ജ്ഞാനവും, കർമ്മവും, ഭക്തിയും ചേരുന്നു. ആദ്യസ്ഥാനം ജ്ഞാനത്തിനു തന്നെയാണ്. അന്ധവിശ്വാസങ്ങളും ദുരാചാരങ്ങളുമകറ്റണം. അന്ധമായിട്ടൊന്നും അനുശാസിക്കരുത്. പ്രകൃതിതന്നെയാണ് ഉജ്ജ്വലമായ ഗുരു ഈശ്വരൻ നമ്മുടെ ഹൃദയത്തിൽ വസിക്കുന്നു. സർവചരാചരങ്ങളും ഈശ്വരാംശമാണ്.